1927

ജഗദ്ഗുരു

# ശ്രീനാരായണ പരമഹംസർ

~~39743~~

ഗ്രന്ഥകർത്താവ്:

എം. കെ. കൃഷ്ണൻ

KOTTAYAM PUBLIC LIBRARY
KOTTAYAM.

പ്രസാധകന്മാർ:–

ഹാജി കെ. പി. അഹമ്മദ്കുഞ്ഞി & ബ്രദർസ്

പബ്ലിഷേർസ് & ബുക്കസെല്ലേർസ്

കണ്ണൂര്.

കോപ്പി 1000

വില ൩

1955 മാർച്ച്

(പകർപ്പവകാശം പ്രസാധകന്മാർക്ക്)

അച്ചടി:—

സിൽവർ ജൂബിലി പ്രസ്സ്, കണ്ണൂർ.

# അവതാരിക

★

ശ്രീമാൻ എം. കെ. കൃഷ്ണൻ ഒരു ഗ്രന്ഥകാരന്റെയും പത്രപ്രവൎത്തകന്റെയും നിലയിൽ കേരളീയൎക്കു സുപരിചിതനായ ഒരു യുവാവായതുകൊണ്ടു് അദ്ദേഹത്തെ വായനക്കാൎക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയെന്ന ചുമതല എനിക്കില്ല. അദ്ദേഹം ഒരു ശ്രീനാരായണ ഭക്തനാണു്; ശ്രീനാരായണ കൃതികളെല്ലാം അദ്ദേഹം പഠിച്ചിട്ടുണ്ടു്; ശ്രീനാരായണാദൎശങ്ങൾ സ്വജീവിതത്തിൽ പകൎത്തുവാൻ യഥാശക്തി പരിശ്രമിക്കുന്നുമുണ്ടു്. ഇതെല്ലാം എനിക്ക് നല്ലപോലെ അറിയാം. "ശ്രീനാരായണ ഗുരു"വെന്നപേരിൽ അദ്ദേഹം മുമ്പു് ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചതു് ഞാൻ വായിച്ചിട്ടുണ്ടു്. ഉള്ളടക്കത്തിലും ഭാഷാലാളിത്യത്തിലും ഭാഷാശുദ്ധിയിലും "ജഗദ്ഗുരു ശ്രീനാരായണ പരമഹംസർ" മി: കൃഷ്ണന്റെ പ്രഥമഗ്രന്ഥത്തെക്കാൾ മെച്ചമേറിയതാണെന്നുപറയുവാൻ ഞാൻ അശേഷം മടിക്കുന്നില്ല. വിദ്യാലയങ്ങളിൽ പാഠ്യപുസ്തകമായി ഉപയോഗിക്കുവാൻ സൎവ്വഥാ അർഹമായ ഈ ഗ്രന്ഥത്തിന്നു് മദിരാശി പാഠ്യപുസ്തകക്കമ്മിററിയുടെ

അംഗീകാരവും സഹൃദയന്മാരുടെ സ്വാഗതവും സിദ്ധി ക്കുമെന്നാണ് എൻെറ വിശ്വാസം.

ശ്രീമാൻ കൃഷ്ണൻെറ സാഹിത്യപരിശ്രമത്തിനു ഞാൻ സർവ്വമംഗളവും ആശംസിക്കുകയും, മേലിലും പലേ ഗ്രന്ഥങ്ങളും ഇദ്ദേഹം രചിച്ചുകാണ്മാൻ ഞാൻ ആശിക്കു കയും ചെയ്യുന്നു.

പതിനെട്ടു അദ്ധ്യായങ്ങളിൽ സ്വാമികളെപ്പററി യുള്ള മുഖ്യവിവരങ്ങൾ ഭംഗിയായി അടക്കിയിട്ടുള്ള ഈ ചെറുഗ്രന്ഥത്തെ പൊതുജനങ്ങൾ സന്തോഷത്തോടുകൂടെ സ്വീകരിക്കുമെന്നുള്ള എൻെറ ആഗ്രഹത്തെയും വിശ്വാ സത്തെയും കൂടി ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു.

എല്ലാം മംഗളമായി വരട്ടെ!

തലശ്ശേരി,
4—3—'55

സി. വി. ഗോപാലൻ
പെൻഷ്യൻ ഡിസ്ത്രിക്ട് മുൻസീഫ്.

# ഇതിൽ

★


| അദ്ധ്യായം | | ഭാഗം |
|---|---|---|
| 1 | പ്രാർത്ഥന | 1 |
| 2 | കുടുംബവും കുട്ടിക്കാലവും | 4 |
| 3 | വിദ്യാഭ്യാസം | 8 |
| 4 | ജീവകാരുണ്യം | 14 |
| 5 | ആശാൻ | 16 |
| 6 | സന്ന്യാസം | 19 |
| 7 | താപസൻ | 22 |
| 8 | അവധൂതൻ | 25 |
| 9 | അരുവിപ്പുറം | 28 |
| 10 | അത്ഭുതസിദ്ധികൾ | 34 |
| 11 | ആരാധനാസ്വാതന്ത്ര്യം | 43 |
| 12 | ആചാരപരിഷ്കാരം | 51 |
| 13 | ഒരു സഞ്ചാരം | 55 |
| 14 | സർവ്വമതസമ്മേളനം | 58 |
| 15 | സാരോപദേശങ്ങൾ | 60 |
| 16 | സരസസംഭാഷണങ്ങൾ | 65 |
| 17 | വിജ്ഞാനമഞ്ജരി | 72 |
| 18 | മഹാസമാധി | 75 |

KOTTAYAM PUBLIC LIBRARY
KOTTAYAM.



"അവരവരാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം".

39743

ജഗദ്ഗുരു

# ശ്രീ നാരായണ പരമഹംസർ

—:o:—

## അദ്ധ്യായം 1. പ്രാർത്ഥന.

പ്രിയകുട്ടികളെ!

നിങ്ങൾ എല്ലാവരും എല്ലാ ദിവസവും ഈശ്വര പ്രാർത്ഥന നടത്താറുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. പ്രാർത്ഥന ജീവിതത്തെ പാവനമാക്കുന്നു. പാവങ്ങളെ മഹാത്മാക്കളായും അപരിഷ്കൃതരെ പരിഷ്കൃതരായും കാട്ടാളന്മാരെ ഋഷിപുംഗവന്മാരായും മാററുവാൻ അതിന്നു കഴിവുണ്ടു്. എന്നല്ല, പ്രാർത്ഥനകൊണ്ടു് നമുക്കു നല്ല കാര്യങ്ങൾ നേടുവാൻ കഴിയുന്നതുമാണു്.

ഭാരതീയമഹാത്മാക്കളുടെ ജീവിതവിജയം കേവലം പ്രാർത്ഥനാഫലങ്ങളത്രെ. കരുണാവാരിധിയായ ശ്രീയേശുദേവൻെറയും പ്രവാചകപ്രവീണനായ മുഹമ്മദ് നബിയുടെയും ജീവിതം പ്രാർത്ഥനാത്മകമായിട്ടുള്ള ഒന്നായിരുന്നു. ഗാന്ധിജിയുടെ ജീവിതനേട്ടത്തിന്നുള്ള നിദാനവും പ്രാർത്ഥന തന്നെ. എന്നല്ല, അദ്ദേഹത്തിൻെറ ഓ

രോ പ്രവൃത്തിയും ഈശ്വരാപ്പിതമായിട്ടുള്ളതാണെന്നു കാണാവുന്നതാണു്. ബാപ്പുജി രാവിലെയും വൈകുന്നേരവും നടത്തിയ പ്രാത്ഥനകൾ സാധാരണക്കാക്ക് മാതൃകയായിരുന്നു. ഓരോ ഭാഷയിലെയും സാഹിത്യം പ്രാത്ഥനാമഞ്ജരികളാൽ ശോഭിതമാണു്. കഷ്ടതകളെ അഭിമുഖീകരിക്കുവാനും ഹൃദയവ്യഥയെ അകററുവാനും ആ മനോഹര കുസുമങ്ങൾക്കു് സാധിക്കുന്നു. ഇരുട്ടേറിയ രാത്രികളിൽ വെളിച്ചം തരുന്ന നക്ഷത്രമാലകളെപ്പോലെ ജീവിതത്തിലെ കെടാവിളക്കുകളാണു് പ്രാത്ഥനകൾ.

ആധുനികലോകാചാര്യനും ജ്ഞാനജ്യോതിസ്സുമായ ശ്രീ നാരായണഗുരു, ലോകോപകാരത്തിന്നായി കൈരളിയുടെ കണ്ഠത്തിൽ ഒരു പ്രാത്ഥനാകുസുമമാല്യം ചാത്തിയിട്ടുണ്ടു്. സുന്ദരസുലളിതമായ പദാവലികളാൽ ആരുടെയും ഹൃദയത്തെ ആകഷിക്കുന്ന ആ പ്രാത്ഥന എല്ലാവക്കും ഏതുകാലത്തും ഏതു അവസരത്തിലും സ്വീകാര്യമായിരിക്കുന്നതാണു്. ആ ഈശ്വരപ്രാത്ഥന നാം പഠിക്കുകയും ജീവിതത്തിൽ പകത്തുകയും ചെയ്യുക. അങ്ങിനെ ഉത്തമപൌരന്മാരായിത്തീരുവാൻ പരിശ്രമിക്കുക! ആ 'ദൈവശതകം' താഴെ ചേക്കുന്നു:–

ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ.
നാവികൻ നീ ഭവാബ്ധിക്കൊ–
രാവി വൻതോണി നിൻപദം. 1

ഒന്നൊന്നായെണ്ണിയെണ്ണിത്തൊ-
ട്ടെണ്ണും പൊരുളൊട്ടങ്ങിയാൽ
നിന്നിടം ദൃക്കുപോലുള്ളം
നിന്നിലാസ്പന്ദമാകണം. 2

അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ 3

ആഴിയും തിരയും കാററും
ആഴവുംപോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം. 4

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
വായതും സൃഷ്ടിജാലവും;
നീയല്ലോ ദൈവമേ! സൃഷ്ടി-
ക്കുള്ള സാമഗ്രിയായതും; 5

നീയല്ലോ മായയും മായാ-
വിയും മായാവിനോദനും,
നീയല്ലോ മായയേനീക്കി
സായൂജ്യം നല്കുമാര്യനും. 6

നീ സത്യം ജ്ഞാനമാനന്ദം,
നീ തന്നെ വത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോക്കിൽ നീ. 7

അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻ പദം
പുകഴ്ത്തുന്നു ഞങ്ങളിന്നു
ഭഗവാനേ! ജയിക്കുക. 8

ജയിക്കുക മഹാദേവാ!
ദീനാവനപരായണ!
ജയിക്കുക ചിദാനന്ദാ!
ദയാസിന്ധോ! ജയിക്കുക! 9

ആഴമേറും നിൻമഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം, വാഴണം സുഖം. 10

---

## അദ്ധ്യായം 2. കുടുംബവും കുട്ടിക്കാലവും

"പെരുതാം കൃപ നാട്ടുകാരിലേന്തി-
പ്പെരുമാറുന്നവരല്ലയോ മഹാന്മാർ!"

"ആദർശത്തെ ആരാധിക്കുക" എന്നു് മഹാത്മാക്കൾ പ്രവചിക്കുന്നു. അതുകൊണ്ട് ഏററവും സമുന്നതമായ ഒരു ആദർശത്തെ ലക്ഷ്യമാക്കി ജീവിക്കുമ്പോൾ ആ ആദർശത്തെ കാട്ടിത്തന്ന മാതൃകാപുരുഷന്മാരായ മഹാത്മാക്കളേയും നാം പൂജിക്കുന്നു. ഒരു ഉത്തമചിന്തകനും സാ

ഹിത്യപ്രണയിയുമായ കാർലൈൽ, വീരാരാധന ലോകമുള്ള കാലംവരെ നിലനില്ക്കുന്നതാണെന്നും ലോകചരിത്രം മഹാത്മാക്കളുടെ ചരിത്രമാണെന്നും പറയുന്നു. സൽഗുണസമ്പന്നന്മാരും തേജഃസ്വരൂപികളും ത്യാഗമൂർത്തികളുമായ മഹാന്മാരെ വിസ്മരിക്കുവാൻ സാധിക്കുന്നതല്ല.

ഓരോ മനുഷ്യനും ജീവിതത്തിൽ ഓരോ ഉദ്ദേശ്യം നിർവ്വഹിക്കുവാനുണ്ട്. കാലദേശാവസ്ഥകൾക്കനുസരിച്ച് ഉദ്ദേശനിർവ്വഹണം വിഭിന്നരീതിയിലാവാം. ഏതേതവസ്ഥയിലായാലും ശരി, കർമ്മവിമുഖന്മാരാവാതെ ഹിമാലയതുല്യമായ കഷ്ടപ്പാടുകളെപ്പോലും അഭിമുഖീകരിച്ചുകൊണ്ട് ജീവിതോദ്ദേശം സാക്ഷാൽക്കരിക്കുവാൻ ശ്രമിക്കേണ്ടതാണ്, അങ്ങിനെ ആത്മവിശ്വാസത്തോടുകൂടി അഹർന്നിശം പ്രയത്നിച്ച ധീരനായ ഒരു ആചാര്യനാണ് ശ്രീനാരായണപരമഹംസർ.

നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറമാണ് അധികം മഹാത്മാക്കളുടെയും ജന്മഭൂമി. തിരുവനന്തപുരം നഗരിയിൽനിന്നു ഏഴുനാഴിക വടക്കുള്ള ചെമ്പഴന്തി എന്ന ഗ്രാമത്തിലെ ഒരു ചെറിയ ഭവനത്തിൽ 1030 ചിങ്ങമാസം ചതയം നാളിൽ സ്വാമികൾ ഭൂജാതനായി. ആ വീട്ടിന്നു സമീപം "മണയ്ക്കൽ" എന്നു പേരായ ഒരു പഴയ ക്ഷേത്രവുമുണ്ട്.

സ്വാമികളുടെ അച്ഛന്റെ പേർ മാടൻ എന്നും അമ്മയുടെ പേർ കുട്ടി എന്നും ആയിരുന്നു. കുട്ടികളെ വി

ഭ്യാഭ്യാസം ചെയ്യിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരുന്നതിനാൽ ജനങ്ങൾ സ്വാമികളുടെ അച്ഛനെ മാടനാശാൻ എന്നു വിളിച്ചുവന്നു. ഈ മാതാപിതാക്കന്മാർക്ക് മൂന്നു പെൺകുട്ടികളും ഒരാൺകുട്ടിയും ഉണ്ടായിരുന്നു. ആ ആൺകുട്ടിയാണ് കഥാപുരുഷനായ ശ്രീ നാരായണൻ. സ്വാമികളെ ചെറുപ്പത്തിൽ ഓമനപ്പേരായി "നാണു" എന്നു വിളിക്കുക പതിവായിരുന്നു.

സ്വാമികളുടെ അമ്മയുടെ അമ്മാമനായി കൊച്ചുനാശാൻ എന്നു പേരായ ഒരു മാന്യൻ ഉണ്ടായിരുന്നു. ഇന്നു തിരുവനന്തപുരത്തു കാണുന്ന മിക്ക താളിയോലഗ്രന്ഥങ്ങളും ഈ മഹാൻ പകർത്തെഴുതിയതാണെന്നാണ് അറിയുന്നതു്. നിത്യബ്രഹ്മചാരിയായ കൊച്ചുനാശാൻ 72-ാമത്തെ വയസ്സിൽ നിര്യാതനായി. ഇങ്ങിനെ പണ്ടേ തന്നെ വിദ്യാസമ്പന്നമായ ഒന്നായിരുന്നു സ്വാമികളുടെ കുടുംബം.

"ചിന്താപരിക്ലേശമെന്ന്യുള്ളൂ ബാലക്ക്,
ഹന്ത! നൽസ്വർഗ്ഗം താൻ ബാല്യകാലം."

നാണുക്കുട്ടി ചുറുചുറുക്കുള്ള ഒരു ബാലനായിരുന്നു. സകലരുടേയും കണ്ണിലുണ്ണിയായിരുന്ന ഈ കുട്ടിയുടെ ശൈശവം അത്ഭുതകരമായ ഒന്നായിരുന്നു ഗണപതി പൂജക്കും മററും കൊണ്ടുവന്ന സാധനങ്ങൾ തന്നത്താൻ ഒന്നാമതായി ഭക്ഷിക്കുക, അന്ന് അമ്പതും അറുപതും വാര ദൂരെ മാറിനില്ക്കേണ്ടവരായ ചെറുമക്കളൊന്നിച്ചു കളി

ക്കുക, അതേ നിലയിൽ മററുള്ളവരെ തൊട്ടുകളിക്കുക, എന്നിങ്ങിനെയുള്ള ലീലകൾ സാധാരണമായിരുന്നു. പലരും ഈ കളികൾ വികൃതിത്തരങ്ങളെന്നല്ലാതെ, കേരളീയരുടെ ഇടയിൽ പടൎന്നുപിടിച്ചിട്ടുള്ള അന്ധവിശ്വാസവും അസമത്വവുമായ വൻകാട്ടിനെ വെട്ടിനീക്കുവാൻ ഉപയോഗിക്കുന്ന ഖഡ്ഗത്തിൻെറ ചലൽപ്രഭകളാണെന്നു മനസ്സിലാക്കിയിരുന്നില്ല.

കുട്ടിക്കാലത്തുതന്നെ സ്വാമികൾ ദയാലുവായിരുന്നു. മററുള്ളവരെ ആരെങ്കിലും ഉപദ്രവിക്കുന്നതു കാണുന്നതുതന്നെ സങ്കടകരമായിരുന്നു. ഒരു ദിവസം നാണുക്കുട്ടി മററു കുട്ടികളൊന്നിച്ചു പള്ളിക്കൂടത്തിൽനിന്നു മടങ്ങിവരുമ്പോൾ വഴിക്കൽ ഒരു സന്ന്യാസിയെ കണ്ടു. മററു കുട്ടികളിൽ ചിലർ ആ യോഗിയെ കല്ലുവാരിയെറിഞ്ഞു കളിയാക്കുവാൻ തുടങ്ങി. 'നാണു'വിന്നു് ഇതു കണ്ടുനില്ക്കുവാൻ കഴിഞ്ഞില്ല; മററു കുട്ടികളെ ശാസിക്കുവാനുള്ള ശക്തിയുമില്ലാത്തതിനാൽ നാണുക്കുട്ടി പൊട്ടിക്കരഞ്ഞുപോയി. സന്ന്യാസി ഇതു കണ്ടപ്പോൾ അടുത്തുവന്നു കുട്ടിയെ സമാശ്വസിപ്പിച്ചു് തൻെറ ചുമലിൽ എടുത്തു ബാലനെ വീട്ടിൽകൊണ്ടാക്കുകയും ചെയ്തു.

സ്വാമികൾക്കു കേവലം ആറു വയസ്സുള്ളപ്പോൾ വീട്ടിൽ ഒരു മരണമുണ്ടായി. രണ്ടു ദിവസം കഴിഞ്ഞശേഷം നാണുക്കുട്ടിയെ കാണുന്നില്ല. വീട്ടിലുള്ളവൎക്കെല്ലാം പരിഭ്രമമായി; പല അന്വേഷണങ്ങളും നടത്തിയപ്പോൾ

വീട്ടിന്നടുത്തുള്ള ചുള്ളിക്കാട്ടിൽ കുട്ടി തനിയെയിരിക്കുന്നതുകണ്ടു്, കുട്ടിയെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുവന്നു. കാട്ടിൽ പോയി തനിയെയിരിക്കുവാൻ കാരണമെന്താണെന്നു അന്വേഷിച്ചപ്പോൾ കുട്ടിപത്തുക്കെ സമാധാനം പറഞ്ഞു: "മിനിഞ്ഞാന്നു ഇവിടെ മരണമുണ്ടായപ്പോൾ നിങ്ങളെല്ലാവരും ദുഃഖിച്ചു കരഞ്ഞുകൊണ്ടിരുന്നു. ഇന്നു ചിരിയും കളിയുമായി. അതു കണ്ടിട്ടാണു് ഞാൻ കാട്ടിൽ പോയി ഇരുന്നു കളഞ്ഞതു്."

മുളയിൽതന്നെ വിളയുടെ ഗുണം കാണാമല്ലോ. അങ്ങിനെ ദിവ്യജീവിതത്തിൻെറ ഇളം കരുന്നുകൾ നാണുകുട്ടിയിൽ പ്രകാശിച്ചുകൊണ്ടിരുന്നു. ഓരോ ചെറിയ പ്രവൃത്തിയും അനന്യസാധാരണമായിരുന്നു. ശൈശവം ജീവിതത്തിലെ ഒരു സുകുമാരഭാഗം തന്നെയാണു്.

---

## അദ്ധ്യായം 3. വിദ്യാഭ്യാസം

സാധാരണ സമ്പ്രദായപ്രകാരം അഞ്ചാം വയസ്സിൽ നാണുകുട്ടിയെ എഴുത്തിന്നിരുത്തി. ചരിത്ര പ്രസിദ്ധമായ ചെമ്പഴന്തിത്തറവാട്ടിലെ മൂത്തുപിള്ളയായിരുന്നു ഗുരുനാഥൻ. മലയാളം കൂട്ടിവായിക്കുവാൻ ശീലിച്ചതിന്നു ശേഷം അമരം, രൂപം മുതലായതു പഠിക്കുവാൻ തുടങ്ങി. അസാമാന്യമായ ധാരണാശക്തിയുള്ള ഒരു

ബാലനായിരുന്നു നാണു. അതുകൊണ്ടു് പഠിക്കുന്നതു വേഗം മനസ്സിലാക്കുവാനും മനസ്സിലായതു ദൃഢമായി ഉറപ്പിക്കുവാനും നിഷ്പ്രയാസം കുട്ടിക്കു സാധിച്ചു. എന്നല്ല, കുട്ടിക്കാലത്തുതന്നെ സ്വാമികൾ തമിഴും പഠിച്ചിരുന്നു. സന്യാസം സ്വീകരിച്ചതിന്നു ശേഷമാണു് സ്വാമികൾ തമിഴിൽ അധികമായ പരിജ്ഞാനം സമ്പാദിച്ചതെന്നറിയുന്നു. തിരുവനന്തപുരം ചാലിയിൽ ഒരു പാണ്ഡിക്കാരൻെറ തമിഴ് പുസ്തകങ്ങൾ വില്ക്കുന്ന ഷാപ്പിൽപോയി അവിടെയുള്ള എല്ലാ തമിഴ് പുസ്തകങ്ങളും സ്വാമികൾ സ്വന്തം വായിച്ചു പഠിച്ചിരുന്നു. എന്നല്ല, തമിഴിലുള്ള ഉൽകൃഷ്ടഗ്രന്ഥങ്ങളൊക്കെയും സ്വാമികൾക്കു് നല്ല പരിചയവുമായിരുന്നു.

കുട്ടിക്കാലത്തുതന്നെ സ്വാമികൾ സംസ്കൃതഭാഷയിലുള്ള പ്രാരംഭപാഠങ്ങളൊക്കെ പഠിച്ചിരുന്നു. ഉപരിപഠനം നടത്തുന്നതിന്നു ചെമ്പഴന്തിയിൽ സൌകര്യമുണ്ടായിരുന്നില്ല. അന്യദേശത്തുപോയി പഠിക്കാമെന്നുവെച്ചാൽ സ്വാമികളുടെ പ്രായം അതിന്നനുവദിച്ചിരുന്നുമില്ല. അങ്ങിനെ പഠിപ്പു തല്ക്കാലം നിർത്തി. വീട്ടുകാര്യങ്ങളിൽ അച്ഛനേയും അമ്മാവനേയും സഹായിക്കുവാൻ തുടങ്ങി. കന്നുകാലികളെ മേയ്ക്കുകയും നിലം ഉഴുകയുമായിരുന്നു പ്രധാന ജോലികൾ. സ്വാമികൾ കാലികളെ മേയ്ക്കുവാൻ പോയാൽ സമയം പാഴാക്കാതെ വല്ല വൃക്ഷത്തിൻെറയും തണലിൽ ഇരുന്നു സംസ്കൃതശ്ലോക

ങ്ങൾ ഉരുവിടുകയും ചിന്താമഗ്നനായിരിക്കുകയും ചെയ്യുക സാധാരണമാണ്. അന്നു കുളത്തിന്റെ ആകൃതിയിൽ ഒരു കിണർ ഈ ഗോപാലൻ വെട്ടിയുണ്ടാക്കിയിരുന്നു. വെററിലക്കൊടി നട്ടുവളത്തുന്നതിലും സ്വാമികൾക്ക് അന്ന് വലിയ പ്രിയമായിരുന്നു.

ചെറിയ ചെറിയ സംഗതികളാണ് വലിയ വലിയ കാര്യങ്ങൾക്ക് കാരണമായിത്തീരുക. സ്വാമികളുടെ അമ്മാമനായ കൃഷ്ണൻവൈദ്യർക്ക് ഒരു സ്നേഹിതൻ സംസ്കൃതത്തിൽ ഒരു ശ്ലോകമെഴുതി അയച്ചുകൊടുത്തിരുന്നു. വൈദ്യർക്ക് ആ ശ്ലോകാത്ഥം നന്നായി മനസ്സിലായില്ല. അതിനാൽ മരുമകനായ നാണുക്കുട്ടിയോടു് ശ്ലോകം വായിച്ചു അത്ഥം പറയുവാൻ ആവശ്യപ്പെട്ടു. അനന്തിരവൻ അത്ഥം വ്യക്തമായി പറയുന്നതുകേട്ട് അമ്മാമൻ അത്യന്തം സന്തോഷിക്കുകയും മരുമകനെ ഉപരിപഠനത്തിന്നയക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ഇന്ന് ഉന്നതവിദ്യാഭ്യാസത്തിന്ന് പല സൌകര്യങ്ങളുമുണ്ടു്. ഒരു വിധം നിവൃത്തിയുള്ളവക്കൊക്കെ കലാലയ വിദ്യാഭ്യാസം പൂത്തിയാക്കുവാൻ കഴിയുന്നു. അന്ന് അറിവു സമ്പാദിക്കുവാൻ ആഗ്രഹിക്കുന്നവർ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വന്നിരുന്നു. സ്വാമികളെ കരുനാഗപ്പള്ളി താലൂക്കിൽ പുതുപള്ളി രാമൻപിള്ള ആശാന്റെ കീഴിൽനിന്നും സംസ്കൃതം പഠിക്കുവാൻ അച്ഛനും അമ്മാമനുംകൂടി കൊണ്ടാക്കി; പുതുപള്ളിയിലെ

വാരണ്ണിപള്ളി തറവാട്ടിൽ താമസിക്കുവാൻ ഏർപ്പാടു ചെയ്യുകയും ചെയ്തു. അങ്ങിനെ സ്വാമികൾ രാമൻപിള്ള ആശാൻെറ അടുക്കൽനിന്നു സംസ്കൃതത്തിൽ ഉപരിപഠനം ആരംഭിച്ചു.

അന്നു വാരണ്ണിപള്ളിയിൽ ധാരാളം കുട്ടികൾ താമസിച്ചു പഠിച്ചിരുന്നു. മിക്ക ദിവസവും ആ ഗൃഹം ഒരു വിദ്വൽ സദസ്സുപോലെയാണ്. പല സാഹിത്യചർച്ചകളും അവിടെ നടത്താറുണ്ടായിരുന്നു. സ്വാമികൾ ഒന്നിലും പങ്കെടുക്കാറില്ല; ഒരു മൂലയിലിരുന്നു എല്ലാം കേട്ടുകൊണ്ടിരിക്കും. എന്നാൽ വാദപ്രതിവാദം അന്തമില്ലാത്ത നിലയിലെത്തുമ്പോൾ സ്വാമികളുടെ തീർപ്പിന്നു ഇരുകക്ഷികളും കാത്തുനില്ക്കുക പതിവായിരുന്നു. അന്ന് സ്വാമികളുടെ അഭിപ്രായം എല്ലാവർക്കും അഭിമതവും സ്വീകാര്യവുമായിരുന്നു. അങ്ങിനെ സതീർത്ഥ്യരുടെ ഇടയിൽതന്നെ അന്ന് സ്വാമികൾ ആരാധ്യനായ ഒരു വിജ്ഞാനഭണ്ഡാഗാരമായിരുന്നു. ഏകദേശം നാലുകൊല്ലത്തോളം സ്വാമികൾ രാമൻപിള്ള ആശാൻെറ കീഴിൽ നിന്നു പഠിച്ചുകൊണ്ടിരുന്നു. എന്നാൽ അതിസാരരോഗം പിടിപെട്ടതിനാൽ വിദ്യാഭ്യാസം മതിയാക്കി സ്വഗൃഹത്തിലേക്കു മടങ്ങേണ്ടി വന്നു. അപ്പോഴേക്കും കാവ്യം, വ്യാകരണം, അലങ്കാരം എന്നിവയിലെല്ലാം അവിടുന്ന് അതിയായ പാണ്ഡിത്യംസമ്പാദിച്ചുകഴിഞ്ഞിരുന്നു. ഇക്കാലങ്ങളിൽ സാധാരണ വിദ്യാർത്ഥികളിൽ കാണുന്ന

ദസ്വഭാവങ്ങളൊന്നും സ്വാമികളെ സ്പശിച്ചിരുന്നില്ല. ഭക്തനായ നാണുവിന്റെ ജീവിതരീതിയും സ്വഭാവസമ്പ്രദായങ്ങളും അനുകരണീയമായിരുന്നു; അറിവു സമ്പാദിക്കുന്നതിന്നുള്ള ആഗ്രഹം അനുദിനം വദ്ധിച്ചുവന്നു. ബുദ്ധിശക്തി തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ പ്രകാശിച്ചു തുടങ്ങി. ഗൃഹസംബന്ധമായ കാര്യങ്ങളിലൊന്നും വലിയ ശ്രദ്ധ കാണിച്ചിരുന്നില്ല. ഭൂതദയ, സാഹോദര്യം, ദീനാനുകമ്പ, അധമ്മവിമുഖത എന്നീ വിശേഷഗുണങ്ങളുടെ ഇരിപ്പിടമായിരുന്നു സ്വാമികൾ. ശരീരവും മനസ്സും ശുചിയാക്കിവെക്കുന്നതിൽ വലിയ ശ്രദ്ധ കാണിച്ചുവന്നു. കുളിയും കുറിയും ജപവും ക്ഷേത്രദശനവും നിത്യകമ്മങ്ങളായി. "കൌമാരം പോയ്മറഞ്ഞുടൻ, യൌവന ശ്രീകളിക്കുന്ന പന്തലായ്തീന്ന പൂവുടൽ" പൂണ്ട സ്വാമികൾ ഒരു കൊച്ചുഭക്തന്റെ നിലയിൽ വളന്നുവന്നു.

അനന്യസാധാരണമായ ഒരു വ്യക്തിതന്നെയാണ് സ്വാമികൾ. കന്നുകാലികളെ മേച്ചുകൊണ്ടിരിക്കുന്ന കാലത്ത് സ്വാമികൾക്ക് വസൂരിരോഗം പിടിപെട്ടു. പക്ഷെ സംഗതി ആരോടും പറഞ്ഞില്ല. ചെമ്പഴന്തിയിലെ ആളൊന്നുമില്ലാത്ത ഒരു ഭഗവതീക്ഷേത്രത്തിൽ പോയിതാമസിച്ചു. നിത്യവും കുളിജപാദികൾ കഴിച്ചു അപരിചിതരുടെ വീട്ടിൽ പോയി വല്ലതും വാങ്ങി കഴിക്കും. തദവസരം മേപ്പത്തൂർ ഭട്ടതിരിയുടെ വൈരാഗ്യോല്ലാദകത്തിലെ ശ്ലോകങ്ങൾ മുഴുവനും മനഃപാഠം പ

രിച്ചു. പതിനെട്ടുദിവസം കഴിഞ്ഞതിന്നുശേഷം രോഗമെല്ലാം മാറി വീട്ടിലേക്കു തിരിച്ചുവരികയും ചെയ്തു. വസൂരി ഭയങ്കരമായ ഒരു രോഗമാണല്ലൊ. എന്നാൽ ധീരനായ സ്വാമികൾ ഈ പകച്ച്വ്യാധിയെ അഭിമുഖീകരിച്ച സമ്പ്രദായംതന്നെ, കേരളക്കരയിൽ പടന്നുപിടിച്ചിരിക്കുന്ന തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നിങ്ങിനെയുള്ള ഭയങ്കരരോഗങ്ങളെ വേരറുക്കുവാൻ അവലംബിക്കേണ്ടതിന്നനുഷ്ഠിക്കേണ്ട ദൃഢവ്രതത്തിൻെറ ഒരുക്കം കൂട്ടൽ മാത്രമാണു് എന്നു പറയുന്നതിൽ വലിയ അസാംഗത്യമൊന്നുമില്ല.

വാരണപ്പള്ളിയിൽ താമസിക്കുന്നകാലത്തു് സ്വാമികൾ ശ്രീകൃഷ്ണഭക്തനായിരുന്നു. ബാലകൃഷ്ണനെ അവിടുന്നു് പലപ്പോഴും കണ്ടിരുന്നുവത്രെ. ഒരു ദിവസം സ്വാമികൾ അകാരണമായി ആരെയോ പിന്തുടരുന്നപോലെ ഓടിക്കൊണ്ടിരുന്നു. ഒടുവിൽ പാടത്തു ഒരു തോട്ടിൻെറ കരയിൽവന്നുനിന്നു. എന്തിനാണ് ഓടിയതു എന്നു ചോദിച്ചപ്പോൾ, "ബാലകൃഷ്ണൻ ഓടിവന്നു ഇതാ ഈ തോട്ടിൽ ചാടിയിരിക്കുന്നു" എന്നു പറഞ്ഞതായറിയുന്നു.

---

## അദ്ധ്യായം 4. ജീവകാരുണ്യം

അനുപമകൃപാനിധിയായ ശ്രീ ബുദ്ധഭഗവാനുശേഷം ഭാരതത്തിൽ അവതീർണ്ണനായ ഒരു കരുണാനിധിയാണ് ശ്രീ നാരായണഗുരു. ഗൌതമബാലനെപ്പോലെതന്നെ നാണു ഭക്തനും ഭൂതദയാലുവായിരുന്നു. മാടിനെ പൂട്ടി കലപ്പ കൈയിൽ ഏന്തിയാൽ കാളകൾ പോകുന്ന വഴിക്ക് പുറകെ താനും പോകുകയല്ലാതെ അവയെ അടിച്ചു നേരെ ഉഴുകുന്ന സമ്പ്രദായം കുട്ടിക്കുണ്ടായിരുന്നില്ല എന്നതു് പ്രത്യേകം പ്രസ്താവയോഗ്യമാണ്.

മററൊരു സംഭവം ചരിത്രകാരൻ ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു:—"വാരണപ്പള്ളിയിൽ രണ്ടു പട്ടികളെ വളർത്തിയിരുന്നു. ഒന്നു വലുതും ബലിഷ്ഠനും മററൊന്നു ചെറുതും വൃത്തികെട്ടതുമായിരുന്നു. സ്വാമികൾ ഊൺ കഴിച്ച ശേഷം കുറച്ചു ചോറ് ആ ചെറിയ പട്ടിക്കുകൊടുക്കുക പതിവായിരുന്നു. ചിലപ്പോൾ ആ ക്രൂരൻ നായ എവിടെ നിന്നെങ്കിലും പാഞ്ഞെത്തി ആ ചെറിയ ജീവിയെ കടിച്ചോടിച്ചിട്ടു ചോറു മുഴുവനും തിന്നുകളയും, ചെറിയപട്ടി വേദനപ്പെട്ടു നിലവിളിക്കുമ്പോൾ സ്വാമികൾ നമ്മളിൽ വല്ലവരും ചെയ്യാൻ ഇടയുള്ളതുപോലെ വലിയ പട്ടിയെ അടിച്ചോടിക്കുകയോ ആട്ടിയകററുകയൊ ചെയ്യാതെ ചെറിയ പട്ടിയെനോക്കി വളരെനേരം വിഷാദിച്ചു നില്ക്കുകയും, വലിയതിനെകുറിച്ച്

'അതിൻെറ ഹൃദയം ചീത്തയാണ്. നാം എന്തു ചെയ്യും.' എന്നു തന്നത്താൻ പറഞ്ഞു വ്യസനിക്കുകയും ചെയ്യും."

"അനുകമ്പ" എന്ന കൃതിയിൽ സ്വാമികൾതന്നെ എഴുതിയിരിക്കുന്നതു് നോക്കുക:-

"ഒരു പീഡയെറുമ്പിനും വരാ
തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര! നൽകുമുള്ളിൽ നിൻ
തിരുമെയ് വിട്ടകലാതെ ചിന്തയും"

[നാം ഒരു ഉറുമ്പിനെപ്പോലും ഉപദ്രവിക്കരുതു്. നാം എല്ലാപ്പോഴും ദയയുള്ളവരായിരിക്കണം. കരുണാനിധിയായ ദൈവത്തെ നാം എല്ലാപ്പോഴും സ്മരിക്കണം.]

ജീവജാലങ്ങളെ സ്നേഹിക്കുക എന്നതു് നമ്മുടെ കടമയാണു്. നമുക്കു് അവരുടെ ജീവനെ അപഹരിക്കുവാനുള്ള അധികാരമില്ല. ജീവൻ നഷ്ടപ്പെട്ടുത്തിയ ഒരു ജീവിക്കു വീണ്ടും ജീവൻ നൽകുവാനായി നമുക്ക് സാധിക്കുന്നില്ലല്ലൊ. "ജീവകാരുണ്യപഞ്ചകം" എന്ന കൃതിയിൽ നാം ജീവികളോട്ടു് എത്രത്തോളം ദയകാണിക്കേണ്ടതാണെന്നു സ്വാമികൾ വ്യക്തമാക്കിയിരിക്കുന്നു. നാം എല്ലാവരും സഹോദരന്മാരാണു് അന്യോന്യം കൊല്ലുകയും തിന്നുകയും ചെയ്യുക നമുക്കു അനുയോജ്യമല്ല. എല്ലാ മതതത്വങ്ങളും ഈ പരമാർത്ഥത്തെ വ്യക്തമാക്കുന്നു. ഒരു ജീവിയെപ്പോലും കൊല്ലാതിരിക്കുന്നവൻ ഉത്തമപു

രുഷനാണ്. മററെന്തു ഗുണമുണ്ടായാലും ഹിംസചെയ്യുന്നവക്ക ആത്മശാന്തി ഒരിക്കലും ഉണ്ടാകുന്നതല്ല.

കൊല്ലായ്കിലവൻ ഗുണമുള്ള പുമാൻ
അല്ലായ്കിൽ മൃഗത്തൊടു തുല്യനവൻ.
കൊല്ലുന്നവനില്ല ശരണ്യത,മ-
ററെല്ലാവക നന്മയുവാന്നിടിലും

എന്നു സ്വാമികൾ ഉപദേശിക്കുന്നു.

അക്രമരഹിതമായ മാർഗ്ഗത്തിൽക്കൂടി പ്രവത്തിക്കുവാൻ സ്വാമികൾ നമ്മളോട്ട് ആജ്ഞാപിക്കുന്നു. അക്രമംകൊണ്ടു് നമുക്ക് ലോകത്തെ വശത്താക്കുവാൻ സാധിക്കുകയില്ല സ്നേഹംകൊണ്ടു നമുക്കു് ലോകത്തെ ജയിക്കുവാൻ കഴിയുന്നു. തുമ്പപ്പൂപോലെ തൂമയെഴുന്ന പാററയേയും, സുന്ദരപ്രഭാകണമിയന്നിരിക്കുന്ന മിന്നാമിനുങ്ങിനേയും ഒരുപോലെ സ്നേഹിക്കുവാൻ പഠിക്കുക. അങ്ങിനെ പുണ്യജീവികളായിത്തീരുവാൻ പരിശ്രമിക്കുക. ജീവകാരുണ്യം ജീവിതത്തെ പാവനമാക്കിത്തീക്കുന്നു.

---

## അദ്ധ്യായം 5. ആശാൻ

അദ്ധ്യാപകവൃത്തിയെപ്പോലെ ഉത്തമമായ ഒരു പ്രവൃത്തിയില്ലെന്നു തന്നെ പറയാം. നിഷ്കളങ്കരായ ബാലസുമങ്ങളുടെ ഇടയിൽ ഒരു ഉത്തമനോട്ടക്കാരനെന്ന നിലയിൽ വത്തിക്കുവാൻ സഹായിക്കുന്ന ഒരു ഉൽകൃഷ്ടരംഗ

മാണു് വിദ്യാപീഠം. ലോകാചാര്യന്മാരായി അവതരണംചെയ്ത പല മഹാത്മാക്കളും വിദ്യാലയങ്ങളിലെ ആചാര്യപദവി അലങ്കരിച്ചതായി കാണാം. മഹാത്മാക്കൾ കുട്ടികളുടെ ശലാകവുമായി ഇണങ്ങുക സാധാരണമാണു്. പണ്ഡിററ് ജവഹർലാൽ നെഹറു കുട്ടികളുടെ ഇടയിൽ ഒരു "ചാച്ചാ" നെഹറുവായി പെരുമാറുന്നതു് എത്ര കൌതുകമായിരിക്കുന്നു!

ജഗദ്ഗുരുവായ ശ്രീ നാരായണപരമഹംസർ, വിദ്യാഭ്യാസം കഴിഞ്ഞതിന്നുശേഷം, കുട്ടികളെ പഠിപ്പിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരുന്നു. കടെക്കാവൂർ മീരാംകടവിന്നടുത്തു് ഒരു പള്ളിക്കൂടത്തിൽവെച്ചും, അഞ്ചുതെങ്ങ്, ചെമ്പഴന്തി എന്നിവിടങ്ങളിൽവെച്ചും അവിടുന്നു് കുട്ടികളെ സംസ്കൃതം പഠിപ്പിച്ചിരുന്നു. ഇക്കാലങ്ങളിൽ ഗുരുദേവനെ "നാണു ആശാൻ" എന്നാണു് വിളിച്ചു വന്നിരുന്നതു്.

അന്നു് നാണുആശാൻെറ ധ്യാനവും ഉറക്കവും അഞ്ചുതെങ്ങിൽ ജ്ഞാനേശ്വരം ക്ഷേത്രത്തിൻെറ കിഴക്കുവശമുള്ള പഴയ ക്ഷേത്രമണ്ഡപത്തിലായിരുന്നു. ഒരു സുബ്രഹ്മണ്യഭക്തനായ ആശാൻ ഭക്തജനങ്ങൾക്കു് ഭഗവൽഗീതയും മററും പഠിപ്പിക്കുകയുണ്ടായി. അങ്ങിനെ ആദ്ധ്യാത്മികചിന്താമണ്ഡലത്തിൽ സ്വാമികൾ വിഹരിച്ചുകൊണ്ടിരുന്നു.

യൌവനം ജീവിതത്തിൽ എത്രയും പ്രാധാന്യമുള്ള ഒരു കാലഘട്ടമാണു് വാസനാശക്തിക്കനുസരിച്ച ജീ-

വിക്കവാനുള്ള ആഗ്രഹം, നാനാമുഖങ്ങളായ പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കവാനുള്ള ധീരത, സ്വാതന്ത്ര്യസൌധം പണിയുന്നതിന്നുള്ള അഭിവാഞ്ഛ തുടങ്ങിയ ഗുണങ്ങൾ ഏറ്റവും പ്രകാശിക്കുന്ന കാലഘട്ടമാണ് യൌവനം. അനുരാഗതരംഗിണിയിൽ ആറാടിക്കളിക്കവാൻ വെമ്പുന്ന കാലവും യൌവനം തന്നെയാണ്.

എന്നാൽ നാണു ആശാന്നു ഈശ്വരസാക്ഷാൽക്കാരം, ലോകശുശ്രൂഷ എന്നീ കാര്യങ്ങളിലാണ് അഭിവാഞ്ഛ വൎദ്ധിച്ചുവന്നതു്. കുടുംബ കാര്യങ്ങളിലും മററും വലിയ ശ്രദ്ധയില്ലാതായി. കുളി, ജപം, ഭഗവൽഗീതാപാരായണം, ഈശ്വരഭജനം, ധ്യാനം മുതലായ അനുഷ്ഠാനങ്ങളിൽ ജാഗരൂകനായിരുന്നു. ശാരീരികമായും മാനസികമായും പരിശുദ്ധത പരിപാലിക്കുകയായിരുന്നു സ്വാമികളുടെ വ്രതം.

അങ്ങിനെ ലൌകീകകാര്യങ്ങളിൽ വിമുഖത കാണിക്കുന്നതു കണ്ടപ്പോൾ അമ്മയച്ഛന്മാരും അമ്മാമനും മററും കൂടി നാണു ആശാനെക്കൊണ്ടു് കല്യാണം കഴിപ്പിക്കവാനുള്ള ഒരുക്കമായി. അച്ഛന്റെ മരുമകളെ കല്യാണം കഴിക്കാനാണ് ഏൎപ്പാടു ചെയ്തതു്. അന്നു സ്വാമികൾക്കു് ഇരുപത്തേഴ് വയസ്സായിരുന്നു. അന്നത്തെ നാട്ടാചാരപ്രകാരം വിവാഹം നടന്നുവെങ്കിലും അന്നു തന്നെ സ്വാമികൾ വീട്ടിൽനിന്നു പുറത്തിറങ്ങിപ്പോയി. കുറെ ദിവസത്തേക്കു് സ്വാമികൾ വീട്ടിലേക്കു മടങ്ങി

വന്നില്ല. ഒടുക്കം വധു സ്വഗൃഹത്തിലേക്കു തന്നെ മടങ്ങിപ്പോകുകയാണു് ചെയ്തതു്. കുറച്ചുകാലം കഴിഞ്ഞപ്പോൾ സ്വാമികളുടെ മാതാവു് പരലോകപ്രാപ്തയായി. വീണ്ടും കുടുംബക്കാർ ലൌകികജീവിതം നയിക്കുവാൻ സ്വാമികളെ നിർബന്ധിക്കുകയുണ്ടായി. തദവസരം ദൃഢവ്രതനായ സ്വാമികൾ പതുക്കെ ഇങ്ങിനെ സമാധാനം പറഞ്ഞു–"ലോകത്തിൽ ഓരോരുത്തരും ഓരോ കാര്യസാദ്ധ്യത്തിന്നായി ജനിക്കുന്നവരാണു്. എനിക്കും നിങ്ങൾക്കും ഓരോ പ്രത്യേകകാര്യം സാധിക്കേണ്ടതായിട്ടുണ്ടായിരിക്കും. നിങ്ങൾ നിങ്ങളുടെ കാര്യം നോക്കുക, ഞാൻ എന്റെ കാര്യം നോക്കട്ടെ." ഇതോടെ സ്വാമികൾ സംസാരജീവിതബന്ധം എന്നന്നേക്കുമായി വേരറുക്കുകയും ഈശ്വരനെ കണ്ടെത്തുന്നതിന്നും ലോകസേവനം നടത്തുന്നതിന്നും ഉദ്യുക്തനാകുകയും ചെയ്തു.

---

## അദ്ധ്യായം 6. സന്ന്യാസം

"ചിന്തമാം വലിയ വൈരി കീഴമ-
ന്നത്തൽ തീൎന്ന യമിതന്നെ ഭാഗ്യവാൻ!"

ഒരു ഉത്തമസന്ന്യാസിയായിത്തീരുക, യോഗാഭ്യാസം ശീലിക്കുക, ഒരു നല്ല യോഗിയായിത്തീരുക, ഇവയൊന്നും അത്ര എളുപ്പത്തിൽ സാധിക്കുന്ന കാര്യമല്ല. രാജയോഗം ശീലിക്കുവാൻ ആഗ്രഹിക്കുന്നവൎക്കു് അനുഭവ

ജ്ഞാനിയായ ഒരു ഗുരുനാഥൻ ആവശ്യമാണു്. എന്നാല്ല,യമനിയമാദികൾ, അതായതു മനസാ വാചാ കർമ്മണാ ആരേയും ഉപദ്രവിക്കാതിരിക്കുക, അഹിംസ, സത്യം, മററുള്ളവരുടെ വസ്തുക്കൾ എടുക്കാതിരിക്കുന്ന ആസ്തേയം, ബ്രഹ്മചര്യ, ക്ഷമ, സൽഭാഗ്യമൊ ദുർഭാഗ്യമൊ എന്തുണ്ടായാലും ഒരേ നിലയിൽ സ്ഥിരമായിരിക്കുക, എന്നധൃതി, ദയ, ആർജ്ജവം, മിതാഹാരം, ശരീരത്തേയും മനസ്സിനേയും എപ്പോഴും ശുചിയുള്ളതായി നിറുത്തുന്നതിൽ സന്തോഷം, വേദപാരായണം, മുതലായവ അടങ്ങിയ സ്വാദ്ധ്യായകർമ്മങ്ങൾ അനുഷ്ഠിക്കുക എന്നീ ഗുണങ്ങൾ ശരിയായി അനുഷ്ഠിച്ചുറപ്പിച്ചതിന്നു ശേഷമേ ആസനവും പ്രാണായാമവും ശീലിക്കുവാൻ പാടുള്ളു. യമനിയമങ്ങൾ ശരിക്കനുഷ്ഠിക്കാതെ, പുസ്തകവും മററും നോക്കി ആസനവും കുക്കംവലിയും തുടങ്ങിയാൽ അപസ്മാരം ഭ്രാന്തു്, ക്ഷയം മുതലായ പല രോഗങ്ങൾക്കും വിധേയരാവുന്നതാണു്. അതിനാൽ വിദ്യാർത്ഥികൾ ആസനങ്ങളും മററു യോഗസമ്പ്രദായങ്ങളും നല്ല പരിചയമുള്ള അനുഭവസ്ഥന്മാരിൽനിന്നു മാത്രമേ ശീലിക്കുവാൻ പാടുള്ളു.

ശ്രീനാരായണഗുരുവിന്നു് യമനിയമാദികൾ സ്വയമേ വശഗതമായിരുന്നു. സ്വഭവനം വിട്ടതിന്നു ശേഷം പെരുനെല്ലി കൃഷ്ണൻ വൈദ്യരുടെ വീട്ടിൽ സ്വാമികൾ കുറച്ചു ദിവസം താമസിച്ചു് അവിടെയുണ്ടായിരുന്ന തമിഴിലും സംസ്കൃതത്തിലും ഉള്ള ശാസ്ത്രഗ്രന്ഥങ്ങൾ വായിച്ചു പഠിച്ചിരുന്നു. അവിടെനിന്നായിരുന്നു മഹാനായ കുഞ്ഞ

ൻപിള്ള ചട്ടമ്പി സ്വാമികളുമായി പരിചയപ്പെട്ടുവാൻ സ്വാമികൾക്ക് ഇടവന്നത്. 'ചോരനപഹരിക്കാത്ത ശാശ്വതധന'മന്വേഷിച്ചു പുറപ്പെട്ട ഈ രണ്ടു മാന്യന്മാരും കുറച്ചു കാലത്തോളം ഒന്നായി ജീവിച്ചുവന്നു. ശ്രീ ചട്ടമ്പി സ്വാമികൾ ഒരു സുബ്രഹ്മണ്യ ഭക്തനായിരുന്നു. അതിനാൽ അദ്ദേഹത്തെ ഷൺമുഖദാസൻ എന്നു വിളിച്ചുവന്നു. കുളിയും ജപവും ഊണും ഉറക്കവും എല്ലാം ഇരുവരും ഒന്നായി ചെയ്തുകൊണ്ടിരിക്കെ ശ്രീ നാരായണ ഗുരുവിന്നു യോഗാഭ്യാസമുറകൾ ശീലിക്കുവാൻ ജിജ്ഞാസ ഉണ്ടാകുകയും അങ്ങിനെ ഒരു നല്ലയോഗിയായ തൈക്കാട്ട് അയ്യാവു എന്ന മഹാൻെറ അടുക്കൽനിന്നു ആസനം, പ്രാണായാമം മുതലായവ അനുഷ്ഠിക്കുകയും ചെയ്തു. അദ്ദേഹം മാതൃകാമുറകളൊക്കെ ശ്രീ ചട്ടമ്പിസ്വാമികളെക്കൊണ്ടു കാണിച്ചുകൊടുപ്പിക്കും. ഗുരുദേവൻ ഒരു ഉത്തമസിദ്ധനും മഹാജ്ഞാനിയും ആയിത്തീരുമെന്നു മഹാനായ അയ്യാവു മനസ്സിലാക്കിയിരുന്നു. മഹാ സുബ്രഹ്മണ്യഭക്തനും യോഗിയും വിദ്വാനുമായിരുന്ന അദ്ദേഹത്തിൻെറ ഉപദേശപ്രകാരം സ്വാമികൾ മരുത്വാമലയിൽപോയി തപസ്സ് ആരംഭിക്കുകയും ചെയ്തു.

---

## അദ്ധ്യായം 7. താപസൻ.

ഏകാന്തജീവിതം നയിച്ചു്, ആത്മനിർവൃതിയനുഭവിക്കുന്ന അവസരം ആനന്ദസന്ദായകം തന്നെയാണു്. ആധുനികപരിഷ്കാരപ്പുകിട്ടിൽപെട്ട മനുഷ്യൻ, 'അല്ലയോ ഏകാന്തമേ! ഋഷികൾ നിൻെറ മുഖത്തുകണ്ട ആനന്ദമെവിടെ?' എന്നു ചോദിക്കുകയുണ്ടായി. അങ്ങുമിങ്ങുമില്ലാതെ നട്ടംതിരിയുന്ന ലോകം ഏകാന്തതയെ പുച്ഛിക്കുമായിരിക്കാം. എന്നാൽ കുടുംബജീവിതം നയിക്കുമ്പോഴും പൊതുപ്രവൃത്തിയിലാസക്തനാകുമ്പോഴും ആദ്ധ്യാത്മിക ജീവിതപുരോഗമനത്തിന്നു വേണ്ടി ഇടക്കിടെയെങ്കിലും ഏകാന്തത അവലംബിക്കേണ്ടതാണു്. സാധു സുന്ദർസിംഗ്, സെൻററ് ഫ്രാൻസിസ്സ് അസീസ്സ് മുതലായ മഹാത്മാക്കളുടെ ജീവിതചരിത്രം പഠിക്കുന്നവക്ക് പ്രകൃതിയുടെ അമേയമായ ആനന്ദവാരിധിയിൽ ഈ മഹാത്മാക്കൾ ഹൃദയം ലയിപ്പിച്ചിരുന്നതെങ്ങിനെയാണെന്നു മനസ്സിലാക്കാം. കഷ്ടതകളെന്താണെന്നറിയാതെ സുഖഭോഗങ്ങൾ അനുഭവിക്കുമ്പോഴല്ലാ, കഷ്ടതയുടെ അടിത്തട്ടിൽപെട്ടവരെ ശുശ്രൂഷിക്കുന്ന അവസരത്തിലാണു് പല മഹാന്മാരും ഏകാന്തമായി പ്രകൃതിസൌന്ദര്യവും ആനന്ദനിർവൃതിയും അനുഭവിച്ചുകൊണ്ടിരുന്നതു്

"ആയിരം പ്രാവശ്യമിങ്ങായിരം പേരെപ്പോരി-
ലായുധപ്രയോഗത്താൽ തോല്പിക്കും ധീരനെക്കാൾ

തന്നെത്താൻതന്നെ ജയിച്ചീടുന്ന ധീരനത്രെ
മന്നിലുന്നതപദം സിദ്ധിക്കാനർഹനാവൂ."

അങ്ങിനെ ശ്രീ നാരായണ പരമഹംസർ വൻകാടുകളിൽ ഏകാന്തവാസനായി കാലം കഴിച്ചുവന്നു. ആ അവസരങ്ങളിൽ പച്ചിലകളും കിഴങ്ങുകളും കായ്കളും മാത്രമാണു് സ്വാമികൾ ഭക്ഷിച്ചിരുന്നതു്. മരുത്വാമല പുലി, കരടി, പന്നി, പാമ്പു് മുതലായ ദുഷ്ടജന്തുക്കളുടെ ആവാസമായിരുന്നു. സ്വാമികൾ അവയെ അത്ര ഭയപ്പെട്ടിരുന്നില്ല. മരുത്വാമലയുടെ കൊടുമുടിയിൽ പിള്ളത്തടം എന്നൊരു ഗുഹയുണ്ടു്. ഈ ഗുഹയിൽ ഇരുന്നായിരുന്നു സ്വാമികൾ തപസ്സുചെയ്തിരുന്നതു്. വിശാലവും ഗോപ്യവും പരിസരശുദ്ധവും വാസയോഗ്യവുമായ ഈ ഗുഹ സമുദ്രത്തെ അഭിമുഖീകരിക്കുന്നതുകൊണ്ടു് നല്ല ശുദ്ധവായു സഞ്ചാരമുള്ളതായിരുന്നു. ഉള്ളിൽ നല്ല മണലുമുണ്ടു്. ദർഭവിരിച്ചിരിക്കുവാൻ സുഖവുമാണു്. അങ്ങിനെ സ്വാമികൾ ഈ ഗുഹയിൽ തപോനിഷ്ഠനായി എത്രയോ നാളുകൾ കഴിച്ചുവന്നു. പുലികൾ ഈ ഗുഹാമുഖത്തു കാവൽ നില്ക്കുക സാധാരണമായിരുന്നു.

അങ്ങിനെയിരിക്കെ ഒരു ദിവസം അർദ്ധരാത്രിസമയം നല്ല ചന്ദ്രികയുള്ളദിവസം സ്വാമികൾക്കു് അസഹ്യമായ വിശപ്പുതോന്നി. ഗുഹയിൽനിന്നു പുറത്തുവന്നു പാറപ്പുറത്തിരുന്നു. അടുത്തുനിന്നൊന്നും ഭക്ഷണമൊ കുടിക്കാൻ വെള്ളമൊ കിട്ടുകയില്ല. കുറേ സമയം കഴിഞ്ഞു

പ്പോൾ ഒരു വൃദ്ധനായ കുഷ്ഠരോഗി, അരിവറുത്തു പൊടിച്ചതും ഒരു പനയോലയിൽ വെള്ളവുമായി അടുത്തുവന്നു്:– "വിശക്കുന്നോ, വരു ഭക്ഷിക്കാം." ഇത്രയും പറഞ്ഞു അരിപ്പൊടിയും വെള്ളവും അടുക്കൽകൊണ്ടുചെന്നു വെച്ചു രണ്ടുപേരും ഒന്നിച്ചു അതിൽനിന്നു വാരി ഭക്ഷിക്കുവാൻ തുടങ്ങി. ഭക്ഷണം കഴിയാറായപ്പോൾ ആ വൃദ്ധനെ അവിടെ കണ്ടില്ല. ഭക്ഷണം കഴിക്കുന്ന അവസരത്തിൽ ഒന്നും സംസാരിച്ചിട്ടുമില്ല. എന്നാൽ ആളെ കാണാതായപ്പോൾ സ്വാമികൾക്കു് അത്ഭുതംതോന്നി. നാലുപാടും ഒന്നുനോക്കി; കണ്ടില്ല. വീണ്ടും ഗുഹയിൽവന്നു അവിടുന്നു് ധ്യാനമഗ്നനായിരുന്നു.

നാണു ആശാൻ മരുത്വാമലയിൽ തപസ്സുചെയ്യുന്നുണ്ടു് എന്ന വിവരം നാട്ടിൽ പരന്നതോടുകൂടി ഭക്തജനങ്ങൾ കാടുവെട്ടിത്തെളിയിച്ചു മലയുടെ മുകളിലേക്കു് സ്വാമിദർശനത്തിന്നായി വന്നു തുടങ്ങി. സ്വാമികൾ വനാന്തരങ്ങളിൽനിന്നു നാട്ടിൻപുറങ്ങളിലേക്കു് ആഗതനാവേണ്ട സമയമാകുകയും ചെയ്തു. എന്നല്ല, ഗുരുവരന്നു് ത്യാഗൈകസുരഭിലമായ ജീവിതത്തിൻെറ മാഹാത്മ്യം വ്യക്തമാക്കേണ്ടതിന്നും സമയമായി. അങ്ങിനെ ഏകാന്തനായി, ധ്യാനമഗ്നനായി, തന്നെത്താൻജയിച്ച ജഗദ്ഗുരു ശ്രീ നാരായണസ്വാമികൾ മരുത്വാമല വിട്ടിറങ്ങുകയും ചെയ്തു.

---

1927 39743
KOTTAYAM PUBLIC LIBRARY KOTTAYAM

## അദ്ധ്യായം 8. അവധൂതൻ.

മാമലയിൽനിന്നു ഇറങ്ങിവന്ന മാമുനി തെക്കെ ഇന്ത്യയിലെ പലപുണ്യസ്ഥലങ്ങളും പുണ്യക്ഷേത്രങ്ങളും സന്ദർശിക്കുവാൻ ഉദ്യുക്തനായി. 'തുണ്ടങ്ങളായ പറയരുടുക്കുന്ന ചീവീരം ചുററി' നടന്നും 'കാലും വിശപ്പടക്കുവാൻ വേണ്ടി താലോ തകരയോ നീളവേയൂരിൽ നടന്നു കൈനീട്ടി പിച്ചയിട്ടു കിട്ടുന്നതോ' ഏററുണ്ടും 'വല്ലാത്ത വന്മഴയോ വെയിലോ പാരമല്ലൽ ചേക്കിൽ താങ്ങുവാൻ മലങ്കാട്ടിൻെറയുള്ളിൽ വെളിച്ചമില്ലാത്ത ഗുഹകളിലൊ വള്ളിക്കുടിലുകളിലൊ' ചെന്നു താമസിച്ചും സ്വാമികൾ നാളുകൾ കഴിച്ചു വന്നു. പരദേശങ്ങളിൽ നിന്നു പലരും അദ്ദേഹത്തെ സിദ്ധനായി സ്വീകരിച്ചു ആദരിക്കുകയുണ്ടായി. എന്നാൽ അനാസക്തനായ സ്വാമികൾ "ഭ്രാന്താലയ"മായ കേരളത്തിലേക്കു് തന്നെ മടങ്ങി വരികയും കന്യാകുമാരി, കുളച്ചൽ, കരിങ്കുളം, പൂവാർ, കോവളം, തിരുവനന്തപുരം, അഞ്ചുതെങ്ങ് മുതലായ സ്ഥലങ്ങളിലെ കടപ്പുറങ്ങളിൽ അവധൂതഭാവത്തിൽ വിഹരിക്കുകയും ചെയ്തു. തദവസരത്തിൽ നാഗർകോവിലുള്ള മഹായോഗിനിയായ "അമ്മാൾ" എന്ന മഹിളാരത്നത്തെ സന്ദർശിക്കുകയും അവർ സ്വാമികൾക്കു് ഒരു മാമ്പഴം കൊടുത്തു അനുഗ്രഹിക്കുകയും ചെയ്തിരുന്നു.

അവധൂതജീവിതത്തിന്നു് ക്രമീകൃതമായ നിഷ്ഠകളൊന്നും ഉണ്ടായിരിക്കുകയില്ല. ആരെന്തു കൊടുത്താലും

ഭക്ഷിക്കും; എവിടെയെങ്കിലും കിടന്നുറങ്ങും. അങ്ങിനെ അവധൂതനായ സ്വാമികൾ, പാവങ്ങളെ സമുദ്ധരിക്കുക എന്ന മുഖ്യോദ്ദേശത്തെ ലക്ഷ്യമാക്കി അവരുടെ ഇടയിൽ പെരുമാറുകയും അവരുടെ ജീവിതക്രമംതന്നെ സ്വയം അവലംബിക്കുകയും ചെയ്തു. ഒരു ചരിത്രകാരൻ പറയുകയാണ് "സ്വാമികൾ മുക്കുവരുടെ ഒന്നിച്ചു ചേൎന്നു മത്സ്യം പിടിക്കുന്നതിൽ സഹായിക്കുന്നതിന്നു ഉത്സുകനായിരുന്നുവെന്നുകാണുന്നു. രാത്രി കാലങ്ങളിൽ സമുദ്രത്തിന്നു അഭിമുഖമായി കടപ്പുറത്തിരുന്നു ധ്യാനം ചെയ്തുകൊണ്ടിരിക്കും. കിടപ്പ് മുക്കുവർ കടപ്പുറത്തു ഇട്ടിരുന്ന വലയിൽ ആയിരുന്നു. വെളുപ്പാൻ കാലത്തു അവർ മത്സ്യം പിടിക്കുമ്പോൾ സ്വാമികൾ അവരോടൊന്നിച്ചു ചേൎന്നു വല വലിച്ചു കൊടുക്കും. അവർ സ്വാമികൾക്ക് മത്സ്യം ചുട്ടും വേവിച്ചും പല തരത്തിൽ പാകം ചെയ്തും കൊടുത്തിരുന്നു. സ്വാമികൾ ചെന്നു വലതൊട്ടാൽ അന്നു മത്സ്യം അധികം കിട്ടുമെന്നായിരുന്നു അവരുടെ വിശ്വാസം. ഈ നിലയിൽ അവൎക്കു സ്വാമികളെ വലിയ കാര്യമായിരുന്നുവെന്നു മാത്രമല്ല അവരുടെ ഇടയിൽ എവിടെ പോയാലും സ്വാമികൾക്കായി എന്തും കൊടുക്കുന്നതിന്നു അവർ സന്നദ്ധരുമായിരുന്നു."

അക്കാലത്തു നിത്യദാരിദ്ര്യത്തിൽ കഴിഞ്ഞു കൂടുന്ന ഒരു കുടുംബത്തിന്നു് തൊണ്ടുതല്ലി ചികരിയുണ്ടാക്കുന്നക്രമം സ്വാമികൾതന്നെ പഠിപ്പിച്ചുകൊടുത്തിരുന്നു; കൃ

സ്വാമികളുടെയും മുഹമ്മദീയരുടെയും ഇടയിൽ സഞ്ചരിച്ചിരുന്നു. അവരോടൊന്നിച്ചിരുന്നു ഭക്ഷണം കഴിക്കുക സാധാരണമായിരുന്നു.

ഇങ്ങിനെ അവധൂതനായി നടന്നുകൊണ്ടിരിക്കുന്ന കാലത്തു് ഏതാനും ചിലർ അദ്ദേഹത്തെ ഒരു ഭ്രാന്തനായിട്ടാണു് കരുതിയിരുന്നതു്. കിറുക്കനെന്നു പറഞ്ഞു കുട്ടികൾ അവിടുത്തെ കല്ലെടുത്തെറിയുക സാധാരണമായിരുന്നു. പരിചയമുള്ളവർ അവധൂതഭാവം കണ്ടു അനുതപിക്കുകയും ചെയ്തു. അന്നു സ്വാമികളുടെ ദൃഢനിശ്ചയം ഇപ്രകാരമായിരുന്നു:- "വാഹനങ്ങളിൽ കയറാതെ കാൽനടയായി ഞാൻ രാജ്യമെങ്ങും ചുററി സഞ്ചരിക്കും. രാത്രി കാലങ്ങളിൽ ഉറങ്ങുന്നതിന്നു വെറും പൂഴിമെത്തയല്ലാതെ മററൊന്നും എനിക്കാവശ്യമില്ല. ആരുമില്ലാത്ത വെളിസ്ഥലങ്ങൾ എൻെറ വീടുപോലെ വിചാരിച്ചു അവിടെ സുഖമായി താമസിക്കും. മനുഷ്യരിൽ ഏററവും പാവപ്പെട്ടവരായിരിക്കും എൻെറ ചങ്ങാതിമാർ. ഞാൻ അവരുടെ സഹവാസത്തെയാണു് ആഗ്രഹിക്കുന്നതു്. ഉടുക്കുവാൻ നല്ല വസ്ത്രങ്ങൾ വേണമെന്നു എനിക്കു് അല്പവും ആഗ്രഹമില്ല. പറയർ, പുലയർ മുതലായ പാവപ്പെട്ടവരുടുക്കുന്നതുപോലെ വല്ലതുമൊന്നു നാണം മറയ്ക്കുവാനുണ്ടായാൽ മതി. വിശപ്പു സഹിയ്ക്കുവാൻ വയ്യാതാകുമ്പോൾ വല്ല ഗ്രാമങ്ങളിലും ചെന്നു സജ്ജനങ്ങളോടു ഭിക്ഷയാചിച്ചു കിട്ടുന്നതുകൊണ്ടു ഞാൻ തൃപ്തിപ്പെടും. വെയിലൊ മഴയൊ അസഹ്യമായാൽ കാ

ട്ടിൽ കയറി വൃക്ഷത്തണലിലൊ ഗുഹയിലൊ ചെന്നിരിക്കുകയല്ലാതെ വീടുകൾ തിരക്കിപ്പോകാൻ ഞാൻ ആഗ്രഹിക്കുകയില്ല."

ഇങ്ങിനെ ഏററവും എളിയ ജീവിതം നയിച്ച് പാവങ്ങളുടെ ഇടയിൽ സഞ്ചരിച്ച്,അവരുടെ കഷ്ടപ്പാടുകളും ദുരിതങ്ങളും കണ്ടറിഞ്ഞു്, ദുരിതനിവാരണങ്ങൾക്കുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞു്, തപോനിഷ്ഠയോടുകൂടി ധ്യാനനിരതനായി കാലം കഴിക്കുന്ന അവധൂതനായ നാണുസ്വാമികൾ, "ജനോപകാരമായി പരിണമിക്കാവുന്ന അനർഘശക്തികളെ ഉള്ളിൽ വഹിച്ചുകൊണ്ടു് ആവശ്യമുള്ളവർ കണ്ടറിഞ്ഞു ഉപയോഗപ്പെടുത്തി കൊള്ളത്തക്കവണ്ണം" ഒരു അനന്യതേജോരൂപിയായി ശോഭിച്ചുകൊണ്ടിരുന്നു.

---

## അദ്ധ്യായം 9. അരുവിപ്പുറം.

പല നാടും കാടും നടന്നു് കൈരളിയുടെ ഓമൽ സന്താനമായ അവധൂതനായ നാണുസ്വാമികൾ, അനന്യസൌകുമാര്യപ്പുഴയൊഴുകുന്ന അരുവിപ്പുറത്തെത്തുകയും അവിടെ താമസമാക്കുകയും ചെയ്തു. അഗസ്ത്യപർവ്വതത്തിൽനിന്നുത്ഭവിച്ചു തെക്കൻ തിരുവിതാംകൂറിൽ പലയിടങ്ങളും ഫലവത്താക്കി, പൂവാറിന്നു സമീപം കടലിൽ വന്നുചേരുന്ന നെയ്യാറു എന്ന നദി അരുവിപ്പുറത്തെ മ

ലകളുടെ ഇടയിൽ കൂടിയാണു് ഒഴുകുന്നതു്. പാറക്കൂട്ട ങ്ങളുടെ ഇടയിൽക്കൂടി ഉരസി കുതിച്ചുവീഴുന്ന സ്ഥല ത്തിന്നു ശങ്കരൻകുഴി എന്നു പറയുന്നു. വേനൽക്കാലത്തു് ഈ കുഴി രമണീയമാണു്. ഈ പാറക്കൂട്ടങ്ങൾക്കു് സ മീപം ഒരു ഗുഹയുണ്ടു്. അടുത്തു ഒരു വടവൃക്ഷവുമുണ്ടു്. ഇവിടെയിരുന്നായിരുന്നു സ്വാമികൾ വിശ്രമസൌഖ്യമ നുഭവിച്ചിരുന്നതു്.

പച്ചപ്പുൽപട്ടാടയിട്ടുള്ള ആററിൻകര, തരുനിര കളാലലംകൃതമായ കുന്നുകൾ, പാമ്പു, പുലി, മുതലായ വ ന്യജീവികളുടെ സങ്കേതസ്ഥാനം, അങ്ങിനെ ഭയാനകവും പ്രകൃതിരമണീയവുമായ ഈ പുണ്യസ്ഥലം, ഭൂലോകഞ്ഞ്യ ഹസ്സതിയായ ശ്രീനാരായണഗുരുവിന്നു അധഃകൃതോദ്ധാര ണത്തിന്നുപോംവഴികൾ ആരായുവാനും, കാനനഭംഗി നു കനും,ആയുസ്സും വപുസ്സും തപസ്സും ബലി അപ്പിക്കുന്നതി ന്നു അവസരം പാക്കുവാനും പര്യാപ്തമായ ഒന്നായിരുന്നു.

സ്വാമികൾ അംഗരക്ഷകരായ പുലികളോടൊപ്പം അരുവിപ്പുറത്തിൻെറ നൈസർഗ്ഗികമായ സൌകമാര്യമ നുഭവിച്ചുകൊണ്ടിരിക്കെ, പുല്ലരിയുവാൻ വന്ന 'കുഞ്ചു' എന്നു പേരായ ഒരു ബാലൻ സ്വാമികളെ കാണുകയു ണ്ടായി. ബാലൻ ക്രമേണ സ്വാമികളുമായി പരിചയ പ്പെടുകയും, അവധൂതനായ നാണുസ്വാമികൾ അരുവി പ്പുറത്തുണ്ടെന്ന വത്തമാനം ജനങ്ങളെ അറിയിക്കുകയും

ചെയ്തു. ഇതറിഞ്ഞ ഭക്തജനങ്ങൾ അവിടെ തടിച്ചുകൂടുവാൻ തുടങ്ങി.

മഹാകവി കുമാരനാശാൻ എഴുതുകയാണു്:- "ആ താരുണ്യദശയിൽ പ്രകൃത്യാ സുമുഖനും ശാന്തഹൃദയനുമായ സ്വാമി ഏതു ജനക്കൂട്ടത്തിന്നിടയിൽ കാണപ്പെട്ടാലും യോഗശക്തികൊണ്ടു് ഉജ്ജ്വലമായ മുഖത്തുള്ള തേജോവിശേഷം അവിടുന്നു ഒരു അമാനുഷനാണെന്നു വിളിച്ചു പറയുമായിരുന്നു. സ്വാമി ജനങ്ങളുടെ ഇടയിൽനിന്നു തെററി ഒഴിഞ്ഞു് ഏകാന്തമായി സഞ്ചരിക്കുക സാധാരണമായിരുന്നു. അക്കാലത്തു് കുഗ്രാമങ്ങളിലൊ നഗരങ്ങളിലൊ അദ്ദേഹത്തെ കണ്ടെത്തിയാൽ ഒരു വലിയ പുരുഷാരം ചുററും കൂടുക പതിവാണു്. സ്വാമി അക്കാലത്തു് സംസ്കൃതത്തിലും മലയാളത്തിലും അതിമനോഹരങ്ങളായ പല സുബ്രഹ്മണ്യസ്തോത്രങ്ങളും എഴുതിയിട്ടുണ്ടു്. അന്നു് പാശ്ചാത്യവിദ്യാഭ്യാസത്തിൻെറ പുതിയ ആവിർഭാവത്തോടുകൂടി നാട്ടിൽ ബാധിച്ചിരുന്ന നാസ്തികവിചാരങ്ങൾക്കു് സ്വാമിയുടെ ജീവിതം ഒരു പരിഹാരമായിരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണു്.

"പല ദിക്കുകളിൽനിന്നും സ്വാമിയെ അന്വേഷിച്ചു ആളുകൾ അവിടെ എത്തിത്തുടങ്ങി. ഭക്തജനങ്ങളുടെ ആവശ്യാർത്ഥം രോഗം ശമിപ്പിക്കുകയും, ഭൂതങ്ങളെ ഒഴിപ്പിക്കുകയും, ഉപദേശം നൽകുകയും, ശാസ്ത്രങ്ങൾ പറഞ്ഞുകൊടുക്കുകയും, മററു പ്രകാരത്തിൽ സാധുക്കളെ അ

നുഗ്രഹിക്കുകയും എന്ന ചുമതല ആ വിജനത്തിലും സ്വാമിയെ പിന്തുടൎന്നു. സ്വാമിയുടെ ദൂരദൎശനം, പരഹൃദയജ്ഞാനം മുതലായ സിദ്ധികളുടെ പല ദൃഷ്ടാന്തങ്ങൾ അക്കാലത്തു ജനങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണു്. ഭക്തരായ ഗൃഹസ്ഥന്മാർ അരി മുതലായ സംഭാരങ്ങളോടു കൂടി അവിടെ വന്നു് സ്വാമിക്കും കൂടെയുള്ളവൎക്കും സദ്യകൾ കഴിച്ചു മടങ്ങിപ്പോവുക പതിവായിരുന്നു.

"ഇങ്ങിനെ സ്വാമിയുടെ സാന്നിദ്ധ്യംകൊണ്ടു് അവിടം ഒരു പുണ്യസ്ഥലമായി പരിണമിച്ചു. സ്വാമിയില്ലാത്ത സമയങ്ങളിൽ കൂടിയും ആളുകൾ അവിടെ വന്നു സ്നാനംചെയ്തു തൊഴുതുപോകുവാൻ തുടങ്ങി അതിൻെറ ശേഷം അവിടെ ഒരു ആരാധനാസ്ഥലം ഉണ്ടായിരുന്നാൽ കൊള്ളാമെന്നു സ്വാമി ചിലരോടു പറയുകയും അങ്ങിനെ എന്തെങ്കിലും ചെയ്യുന്നതിൽ തനിക്കുള്ള ആഭിമുഖ്യത്തെ പതിവായി തന്നെ വന്നുകാണുന്ന ഭക്തന്മാരായ ചെറുപ്പക്കാരോടു് സൂചിപ്പിക്കുകയും ചെയ്തു. 1063-ാമാണ്ടത്തെ ശിവരാത്രി സമീപിച്ചാണു് സ്വാമിയുടെ ഈ അഭിലാഷം പറഞ്ഞതു്. വിഗ്രഹങ്ങൾ ഉണ്ടാക്കുവാനൊ ക്ഷേത്രങ്ങളൊ കെട്ടിടങ്ങളൊ പണിതീൎക്കുവാനൊ ആ കാട്ടുപ്രദേശത്തു യാതൊരു സൌകൎയ്യങ്ങളും ഉണ്ടായിരുന്നില്ല; സ്വാമി യാതൊന്നും ആവശ്യപ്പെട്ടുമില്ല. നദിയുടെ കിഴക്കുതീരത്തുള്ള ഒരു പാറയെ പീഠമാക്കി സങ്കല്പിച്ചു അതിന്മേൽ ഏതാണ്ടു് ഒരു ശിവലിംഗാകൃതിയിൽ ആററിൽ കിടന്നിരുന്ന ഒരു ശിലാഖണ്ഡമെടുത്തു്

ശിവരാത്രി ദിവസം പ്രതിഷ്ഠ നടത്താനാണ് സ്വാമിയുടെ ഭാവമെന്നറിയുകയും അടുത്തുള്ള ജനങ്ങൾ തങ്ങളാൽ കഴിയുന്ന ചില ചെറിയ ഒരുക്കങ്ങൾ അതിന്നായി ചെയ്യുകയും ചെയ്തു. സ്വാമി ഇരിക്കുന്നതായി അറിഞ്ഞു് ഏതാനും വ്രതക്കാരും ഭജനക്കാരും ശിവരാത്രി നാൾ ഉറക്കം ഇളക്കാനായി അവിടെ കൂടി. പ്രതിഷ്ഠയുടെ സംഭാരമായി ഉണ്ടായിരുന്നതു് കുറേ പുഷ്പങ്ങളും വിളക്കുകളും നാഗസ്വരവായനയും മാത്രമായിരുന്നു. പീഠമായി സങ്കല്പിച്ചിരുന്ന പാറയുടെ മീതെ ഒരു ചെറിയ പന്തൽ കെട്ടിയിരുന്നു. അർദ്ധരാത്രിയായതോടുകൂടി സ്വാമി സ്നാനംചെയ്തുവന്നു് പ്രതിഷ്ഠാകാലത്തു ശിലയെ കൈയിലെടുത്തു ധ്യാനിച്ചുകൊണ്ടു രാത്രി മൂന്നുമണിവരെ ഒരേ നിലയിൽ നിന്നു. സ്വാമിയുടെ തേജോമയമായ മുഖത്തു അശ്രുധാരകൾ പ്രവഹിച്ചുകൊണ്ടിരുന്നു. കാണികൾ ഭക്തിപരവശരായി പഞ്ചാക്ഷരമന്ത്രം ഉച്ചത്തിൽ ജപിച്ചു ഏകമനസ്സോടെ ചുററും നിന്നു. മൂന്നു മണിക്കു് ശിലയെ സ്വാമി പീഠത്തിൽ പ്രതിഷ്ഠിച്ചു അഭിഷേകം ചെയ്തു. ആ സമയത്തു് ചില അത്ഭുതങ്ങൾ കണ്ടിട്ടുള്ളതായി പലരും പറയുന്നു. ഇങ്ങിനെയാണു് സ്വാമിയുടെ മതസംബന്ധമായ സ്ഥാപനത്തിൻെറ ആദ്യത്തേതായ അരുവിപ്പുറം ക്ഷേത്രം ആരംഭിച്ചതു്."

ശ്രീ ശിവലിംഗസ്വാമികൾ അരുവിപ്പുറത്തെ പ്രതിഷ്ഠാസമയത്തുണ്ടായ അനുഭവത്തെപ്പററി ഇങ്ങിനെ വിവരിക്കുന്നു:—"അന്നു് ഗുരുദേവൻ കൂടുതൽ ചിന്താമ

ഗ്നനായി കാണപ്പെട്ടു. ദിനകൃത്യങ്ങളെപ്പോലും ഓൎമ്മി
പ്പിക്കേണ്ടിയിരുന്നു. പ്രതിഷ്ഠക്ക ഉദ്ദേശിച്ച ആ പാറ
പ്പുറപ്പിൽ എല്ലാം സജ്ജമായി. നേരം പാതിരയോടു
സമീപിച്ചു. ഗുരുദേവൻ സ്നാനത്തിന്നായി പുറപ്പെട്ടു.
കൂടുതൽ താഴ്ചയുള്ളതായി കരുതപ്പെട്ടിരുന്ന ഒരു കയ
ത്തിലാണ് പതിവിന്നു വിപരീതമായി ചെന്നിറങ്ങിയ
തു. ശിഷ്യജനങ്ങളുടെ തടസ്സങ്ങളൊന്നും വകവെച്ചില്ല.
ഭക്തന്മാരുടെ സങ്കീൎത്തനങ്ങളും മററും മുഴങ്ങുന്നുണ്ട്. ചു
രുക്കം ചില ശിഷ്യന്മാർ ഗുരുദേവൻ ഇറങ്ങിയ ഭാഗത്തു
ശ്രദ്ധിച്ചു നില്ക്കുന്നു. സമയം അതിക്രമിക്കുന്നു. അവി
ടുന്നു പൊങ്ങിവരുന്നില്ല. വിവരമറിഞ്ഞു പലരും മാറ
ത്തു കൈവെച്ചുപോയി. ഒരു വാക്കു പറയുവാൻ ആ
ൎക്കും നാവ് പൊങ്ങുന്നില്ല. അരുവി മാത്രം വിജയഭേരി
മുഴക്കുന്നു. പരിഭ്രമം പലക്കും പരമകാഷ്ഠയിലെത്തി. അ
പ്പോഴും കാണാം വലതു കയ്യിൽ ഒരു വിഗ്രഹം പൊക്കി
പ്പിടിച്ചും ഇടതു കൈ കായികാഭ്യാസികളുടെ പാടവ
ത്തോടുകൂടി പായൽപററിയ പാറച്ചുരുവിൽ ഊന്നി
പ്പൊങ്ങിയും പ്രത്യക്ഷനാകുന്നു. ആററിൽ നിന്നു അങ്ങി
നെ ഉദിച്ചുപൊങ്ങിയ ഭഗവാൻെറ മുഖം നേരെ നോ
ക്കാൻ എനിക്കു് കഴിഞ്ഞില്ല. അത്രക്കായിരുന്നു തേജ
സ്സ്. അതൊരു വികസിച്ച അരുണാരവിന്ദംപോലെ
യാകുന്നു. കണ്ണുകളുടെ പ്രദീപ്തി പറയാവതല്ല. പരമ
ശാന്തതയ്ക്കു പകരം ആ മുഖത്തു അപ്പോൾ അത്യുജ്ജ്വ
ലകാന്തിയാണു് കളിയാടിയതു്. പൂജാസാമാനങ്ങൾ

എടുത്തുകൊടുത്തതു് ഞാനായിരുന്നു. അപ്പോഴൊന്നും ഗുരുദേവൻെറ മുഖത്തുനോക്കാൻ എനിക്കു് ധൈര്യം വന്നില്ല. പ്രതിഷ്ഠാവേളയിൽ ആ സ്ഥലത്തിന്നു മുകളിലുള്ള ആകാശത്തിൽ ഒരു കാന്തിപ്രസരമുണ്ടായതു് ഞാൻ സ്പഷ്ടമായി കണ്ടു. അതിപ്പോഴും എൻെറ ഓർമ്മതയിൽ പുത്തനായിത്തന്നെയിരിക്കുന്നു. ഇങ്ങിനെയാണു് അവിടുത്തെ അവതാരത്തിൻെറ അത്ഭുതാംശം വെളിപ്പെടുത്തിയതു."

അങ്ങിനെ അന്ധവിശ്വാസത്തിലും അനാചാരത്തിലും പെട്ടു് നരകയാതനയനുഭവിക്കുന്ന അധഃകൃതരെ ഉദ്ധരിക്കേണ്ടതിന്നായുള്ള ആദ്യത്തെ കാൽവെപ്പു് ശ്രീ നാരായണ ഗുരുവര്യൻ ആരംഭിക്കുകയും അരുവിപ്പുറം ഭക്തജനങ്ങളുടെ തീർത്ഥാടന കേന്ദ്രമായി മാറുകയും ചെയ്തു.

---

## അദ്ധ്യായം 10. അത്ഭുതസിദ്ധികൾ

മഹാത്മാക്കൾ മഹാജനങ്ങളുടെ നന്മക്കുവേണ്ടി പല അത്ഭുത കൃത്യങ്ങളും ചെയ്യാറുണ്ടു്. തന്നെത്താൻ ജയിക്കുന്ന മനുഷ്യന്നു് അവ നിഷ്പ്രയാസം സാധിക്കുന്നു. ആത്മനിയന്ത്രണംകൊണ്ടു മനസ്സിനെ ഏകാഗ്രതപ്പെടുത്തുമ്പോൾ അത്ഭുതസിദ്ധികൾ ഉണ്ടാകുന്നു. ശാസ്ത്രീയമായ മണ്ഡലത്തിൽതന്നെ ഇന്നെന്തെല്ലാം അത്ഭുതങ്ങളാണു് നാം കാണുന്നതു്! സ്ഥിരോത്സാഹികളായ ശാ

KOTTAYAM PUBLIC LIBRARY 1927 KOTTAYAM

സ്ത്രജ്ഞന്മാരുടെ ഗവേഷണഫലങ്ങളാണല്ലൊ പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ. യഥാൎത്ഥത്തിൽ ഒരു ശാസ്ത്രജ്ഞൻ ഒരു യോഗിയും, ഒരു യോഗി ഒരു ശാസ്ത്രജ്ഞനുമാണു്. ഈശ്വരസാക്ഷാൽകാരത്തിന്നായിയോഗിയും പ്രകൃതിയിൽ നിഗൂഢമായിരിക്കുന്ന ശക്തികളെ ആരായുന്നതിന്നായി ശാസ്ത്രജ്ഞനും അനവരതം പ്രയത്നിക്കുന്നു. ശ്രീ നാരായണപരമയോഗി, സാധാരണ ജനങ്ങളുടെ നന്മകൾക്കുവേണ്ടി പല അത്ഭുത കൃത്യങ്ങളും ചെയ്തിരുന്നു. അവരിൽ ഓരോരുത്തൎക്കും ഉണ്ടായ അനുഭവങ്ങൾ അത്ഭുതാവഹവുമായിരുന്നു.

1060ൽ ആണല്ലൊ സ്വാമികളുടെ പിതാവു് കാലഗതി പ്രാപിച്ചതു്. അന്നു സ്വാമികൾ അരുവിപ്പുറത്തു് ഒരു പാറമേൽ ഇരിക്കുകയായിരുന്നു. നാണി ആശാനും കൂടെയുണ്ടായിരുന്നു. "മാടനാശാൻ മരിച്ചിരിക്കും" എന്നു സ്വാമികൾ പറഞ്ഞു. കുറെ മണിക്കൂറുകൾ കഴിഞ്ഞതിന്നു ശേഷം മാടനാശാൻ മരിച്ച വിവരം അറിയിക്കുവാൻ സ്വാമിയുടെ അടുക്കൽ ആളുകൾ വരികയും ചെയ്തു.

യാതൊന്നിനോടും വൈരബുദ്ധി കാണിക്കാതെ, യാതൊന്നിനേയും ഉപദ്രവിക്കാതെ ഇരിക്കുന്ന ഒരാൾക്കു ലോകത്തെ വശത്താക്കുവാൻ സാധിക്കുന്നതാണു്, എന്നാണു് സ്വാമികൾ സാധാരണ പറയാറുണ്ടായിരുന്നതു്. അഗസ്ത്യകൂടത്തെ സംബന്ധിച്ചു കിടക്കുന്ന ഒരു മലയിൽ

സ്വാമികൾ വിശ്രമിക്കുന്ന അവസരത്തിൽ കടുവാ, പുലി മുതലായ ജന്തുക്കൾ സമീപത്തുകൂടി പോവുക പതിവാ യിരുന്നു. അക്കാലത്തു് സ്വാമികളെ ഒരു കരിന്തേൾ കുത്തുകയുണ്ടായി. അതിനെപ്പററി സ്വാമികൾതന്നെ പറഞ്ഞതു് ഇങ്ങിനെയാണ്:-

"ഒരു നാൾ രാത്രി സമയം നാം പർണ്ണശാലയിൽ ഇ രിക്കുമ്പോൾ ഒരു കരിന്തേൾ ഓടിവന്നു കാലിൽകൊട്ടി. ആ നിമിഷം പാദാദികേശാന്തം ഒരു അഗ്നിജ്വാല കയ റിയതുപോലെ അനിർവ്വചനീയവും അസഹ്യമായും ഒരു പരിഭ്രമമുണ്ടായി. അപ്പോൾ നമ്മുടെ മനസ്സിൽ തനി യെ ജനിച്ച വിചാരം ഇതായിരുന്നു: നാം ഈ ജന്മത്തി ൽ ഒരു പ്രാണിക്കും ദുഃഖം കൊടുത്തിട്ടില്ലല്ലോ. പൂർവ്വ ജന്മത്തിലും ഇങ്ങിനെയിരിക്കെ നീ എന്നെ ഉപദ്രവിച്ച തു് എന്തിനാണ്? ഇങ്ങിനെ വിചാരിച്ചു് ആ ജീവിയെ നല്ലപോലെ ഒന്നുനോക്കി. ആ സമയം അതു തി രിഞ്ഞു ചത്തുപോയി. ഹാ! കഷ്ടമേ! നിൻെറ ക്രൂരതനി മിത്തം നിനക്ക് ഇങ്ങിനെ അനുഭവമായി എന്നല്ലാതെ, നാം ഒന്നുംതന്നെ ചെയ്തിട്ടില്ലല്ലോ. അതിനാൽ വൈര മില്ലാത്ത ഒരുവനോട്ടു് വൈരം കാണിക്കുന്നവൻ നശി ക്കും. നിർവ്വൈരൻ ലോകവശഗനായിരിക്കും" ചത്തുപോയ തേളിനെ സൂര്യോദയാനന്തരം ചന്ദനകാഷ്ഠം കൊണ്ടുവന്നു ദഹിപ്പിച്ചു ആ ചാമ്പലിനെ സ്വാമികൾ തന്നെ കൈ യിലെടുത്തു നദിയിൽ കൊണ്ടുപോയി കലക്കുകയുണ്ടായി

ഒരിക്കൽ സ്വാമി അരുവിപ്പുറത്തു മലമുകളിൽ ഇരിക്കുമ്പോൾ കാലവർഷം പിഴച്ചു മഴയില്ലാതെ ജനങ്ങൾ അത്യന്തം കഷ്ടപ്പെട്ടുന്നതിനെപ്പററി ചില ഭക്തന്മാർ ചെന്നു സങ്കടം പറഞ്ഞു. അപ്പോൾ സ്വാമികൾ അഞ്ചു പദ്യങ്ങൾ ഉണ്ടാക്കിക്കൊടുത്തു. ഏതാനും സ്വാമിഭക്തന്മാർ കുളിച്ചു ശുചിയായി നിന്നുകൊണ്ടു് ആ പദ്യങ്ങളെല്ലാം ഭക്തിപൂർവ്വം ചൊല്ലി. ഉടനെ നല്ല വർഷമുണ്ടായി.

തലശ്ശേരി ജഗന്നാഥക്ഷേത്രത്തിൽ ഒരു കൊല്ലം ഇടവമാസത്തിൽ ഇളന്നീർ അഭിഷേകം നടക്കേണ്ടിയിരുന്ന ദിവസം, ആ മാസത്തിൽ അതുവരെ മഴപെയ്തു തുടങ്ങാത്തതിനെപ്പററിയും, കൊട്ടിയൂർ ഇളന്നീർ അഭിഷേകം നടക്കുന്ന അവസരങ്ങളിലൊക്കെ മഴപെയ്യുന്ന പതിവുള്ളതിനെക്കുറിച്ചും ചിലർ, അന്നു അവിടെ സന്നിഹിതനായിരുന്ന സ്വാമികളെ അറിയിച്ചു. "മഴയുണ്ടാകുന്നതു ബുദ്ധിമുട്ടല്ലയോ?" എന്നു അവിടുന്നു് ചോദിച്ചു. "അങ്ങിനെയല്ല. ഇളനീർക്കാർക്കു മഴയുണ്ടാകുകയാണു് സുഖവും സൌകര്യവും. എന്നു മാത്രമല്ല, ഈ അവസരത്തിൽ മഴയുണ്ടായിരിക്കേണമെന്നാണു് അവരുടെ ആഗ്രഹം," എന്നിങ്ങിനെ അവർ ഉണർത്തിച്ചപ്പോൾ, "ഓ! എന്നാൽ ഇന്നു മഴയുണ്ടാകും," എന്നു് സ്വാമികൾ പറയുകയും അന്നു നല്ലൊരു മഴ പെയ്യുകയും ചെയ്തു.

ഒരു ദിവസം ഗുരുദേവൻ അരുവിപ്പുറത്തു് തന്റെ മുറിയിൽ വിശ്രമിക്കുകയായിരുന്നു. സമയം ഏതാണ്ടു്

സായാഹ്നമായിരുന്നു ശിവലിംഗസ്വാമികൾ ക്ഷേത്രത്തിന്നു ഏതാണ്ട് സമീപത്തു് നില്ക്കുകയായിരുന്നു. പെട്ടെന്നു വെയിൽമങ്ങി. അതു പച്ചനിറമായി മാറി. ക്രമേണ ആ പച്ചനിറത്തിന്നു കട്ടി കൂടിവന്നു. ഉത്തരക്ഷണത്തിൽ പ്രസ്തുത നിറം ഒരു രൂപമെടുത്തു ക്ഷേത്രത്തിനകത്തു കടന്നു. ശിവലിംഗസ്വാമികൾ അതു കണ്ടു പരിഭ്രമിച്ചു് ഗുരുദേവസമക്ഷത്തിലെത്തി, പച്ചനിറത്തിലുള്ള ഒരു കള്ളൻ ശ്രീകോവിലിന്നകത്തു കടന്നിരിക്കുന്നതായി വിലപിച്ചു. ശിഷ്യൻ എത്ര ബദ്ധപ്പാടു കാട്ടുമോ അത്രയ്ക്കും ഗുരുദേവന്റെ സ്വരം പ്രശാന്തമാകും. ഇതായിരുന്നു ആ രംഗത്തിലെ സ്ഥിതി. ഗുരുദേവൻ വിനോദഭാവത്തിൽ കല്പിച്ചു: "പച്ചനിറം പിടിച്ച കള്ളൻ, അതെ, പച്ചക്കള്ളൻ അകത്തു കയറിയൊ? ക്ഷേത്രം പൂട്ടിയില്ലേ?" "പൂട്ടിയിരുന്നു" എന്നു ശിഷ്യൻ. "പിന്നെ എങ്ങിനെ അകത്തു കടക്കും?" ഉപായി നോക്കി വരുവാൻ ആജ്ഞകൊടുത്തു. പാവം ഓടി. അവിടെ ആരെ കാണുന്നു! പച്ചയുമില്ല, കള്ളനുമില്ല, വാതിൽ തുറന്നുമില്ല. വീണ്ടും ഗുരുസമക്ഷമെത്തി വിവരം ധരിപ്പിച്ചു. "ഞാൻ കണ്ടതു സത്യമാണെന്നു്" ശിവലിംഗസ്വാമികൾ കണ്ണുനീർവാർത്തു പറഞ്ഞു. "വേലായുധൻ മയിൽവാഹനനല്ലേ? മയിലിന്നുമുണ്ടല്ലൊ പച്ചനിറം. അനുഗ്രഹിപ്പാൻ എഴുന്നള്ളിയതായിരിക്കാം കരയേണ്ട" എന്നു തൃപ്പാദങ്ങൾ അരുളി ആശ്വസിപ്പിക്കുകയുണ്ടായി.

ഒരിക്കൽ സ്വാമികൾ കാഞ്ചീപുരത്തു ഒരു ദിക്കിൽ ഏതാനും ശിഷ്യന്മാരോടു കൂടി സഞ്ചരിക്കുകയായിരുന്നു. ശിഷ്യന്മാരുടെ കൂട്ടത്തിൽ ശ്രീ ഗോവിന്ദസ്വാമികളുമുണ്ടായിരുന്നു. കുറച്ചു ദൂരം ചെന്നപ്പോൾ സ്വാമികൾ ഒരു ചെറിയ ക്ഷേത്രം കണ്ടു. അതിൽ കടന്നു കാണണമെന്നു അവിടുന്നു ആഗ്രഹിച്ചു. ക്ഷേത്രത്തിൽ ആരാധന കഴിഞ്ഞു വാതിൽപൂട്ടി ശാന്തി പോയിരുന്നു. ഒരാളെ അങ്ങോട്ടേക്കു ഓടിച്ചു. അതിനിടയ്ക്കു സ്വാമികൾ നേരെ ക്ഷേത്രത്തിലേക്ക് നടന്നു. അടുത്തുചെന്നു ഒന്നു ഉന്തുകയും ക്ഷേത്രം ഉടൻതന്നെ തുറക്കുകയും ചെയ്തു. സ്വാമികൾ ആഗ്രഹംപോലെ അകത്തുകടന്നു. ശാന്തി താക്കോലും എടുത്തു വന്നപ്പോൾ ക്ഷേത്രം തുറന്നു കിടക്കുന്നു. "ഇതെങ്ങിനെ സംഭവിച്ചു?" എന്നു അയാൾ വിസ്മയത്തോടെ ചോദിച്ചു. "പൂട്ടാൻ മറന്നു പോയിരിക്കാം" എന്നുമാത്രം സ്വാമികൾ സമാധാനം പറഞ്ഞു.

1072-ാംമാണ്ടിൽ ഒരു ദിവസം സ്വാമികൾ അരുവിപ്പുറത്തു വിശ്രമിക്കുന്ന അവസരത്തിൽ ചാത്തന്റെ ഉപദ്രവമുള്ള ഒരു സ്ത്രീയെ അവരുടെ കൂട്ടർ സ്വാമിയുടെ അടുക്കൽ കൂട്ടിക്കൊണ്ടുവന്നു.

സ്വാമി:–"എന്താണു് ഉപദ്രവം?"

വന്നവർ:–"കല്ലേറാണു് ഉപദ്രവം. എറിയുന്ന കല്ലുകൾ ശരീരത്തിൽ മുട്ടിയെന്നു തോന്നത്തക്കവിധത്തിൽ അടുത്തു വീഴും. ഇങ്ങിനെ രണ്ടും മൂന്നും നാഴിക ഇടവിട്ടു് കല്ലുകൾ വീഴുന്നുണ്ടു്"

സ്വാമി:—"ഇനി കല്ലേറിയുമ്പോഠം ആവട്ടെ." ഇങ്ങിനെ പറഞ്ഞു കുറെ സമയം കഴിഞ്ഞപ്പോഠം ഒരു കല്ല് ആ സ്ത്രീയുടെ തലയിൽ തട്ടി താഴെ വീണു. ആ കല്ല് ഉദ്ദേശം ഒരു റാത്തലിൽ കൂടുതൽ തൂക്കം വരും.

സ്വാമികഠം ഇങ്ങിനെ കല്പിച്ചു: "ആ വീണ കല്ലിന്റെ വലിപ്പത്തിലുള്ള മറെറാരു കല്ലെടുത്തു് അതിന്നു ചുണ്ണാമ്പുകൊണ്ടു് ഒരു വരവരച്ചു അതിനെ ആററിന്റെ പടിഞ്ഞാറെ കരയിലുള്ള വൻകാട്ടിൽ വീഴത്തക്ക വിധത്തിൽ ശക്തിയുള്ള ആരെങ്കിലും എറിയട്ടെ." ക്ഷേത്രത്തിലെ ഒരു പാചകൻ ഈ കല്പനയനുസരിച്ചു ചെയ്തു.

സ്വാമികഠം:—"ചാത്തനാണു് എറിയുന്നതെങ്കിൽ ഈ ചുണ്ണാമ്പു് പുരട്ടിയ കല്ലു് എറിയണം"

കുറെ നേരം കഴിഞ്ഞപ്പോഠം എന്തൊരത്ഭുതം, ആ കല്ലുതന്നെ ആ സ്ത്രീയുടെ തലയിൽ തൊട്ടു തൊട്ടില്ല എന്ന നിലയിൽ വന്നു വീണു!

സ്വാമി:—"ആ കല്ലുതന്നെ എറിഞ്ഞല്ലൊ. കൊള്ളാം, ചാത്തൻ പറഞ്ഞാൽ കേഠക്കുമല്ലൊ. എന്നാൽ ഇനി എറിയരുതു്"

ഇത്രയും പറഞ്ഞിട്ടു് ആ സ്ത്രീയെ കൊണ്ടുപോയ് കൊള്ളുവാൻ പറഞ്ഞു. എങ്കിലും സംശയനിവൃത്തിക്കായിട്ടും അന്നു ക്ഷേത്രത്തിലെ ദീപാരാധന കണ്ടുതോഴാനും ആയി അവർ താമസിക്കുകയും പിറെറ ദിവസം രാവിലെ ആ ക്ഷേത്രത്തിലേക്കു് ചില സംഭാവനകഠം കൊടുത്തു അവർ മടങ്ങിപ്പോകുകയും ചെയ്തു.

ഒരിക്കൽ മദിരാശിയിൽ മൂളിയിൽ കൃഷ്ണൻ അവർകളുടെ വീട്ടിൽ സ്വാമികൾ വിശ്രമിക്കുകയായിരുന്നു. ഒരു ദിവസം അവിടുന്നു പുലച്ചെ മൂന്നുമണിക്കു എണീററു നടന്നു. കൂടെ ഗുരുപ്രസാദ് സ്വാമികളും പോയി. കടപ്പുറത്തും മററും നടന്നു 8മണിക്കു മൈലാപ്പൂർ ക്ഷേത്രത്തിലെത്തി. സ്വാമികളെ പരിചയമുള്ളവർ അവിടെയുണ്ടായിരുന്നില്ല. അതുകൊണ്ടു അടുത്തു പരിചയമുള്ളവരുടെ വീട്ടിൽപോകാമെന്നു ഗുരുപ്രസാദ് പറഞ്ഞു. അപ്പോൾ "ഗുരുപ്രസാദിന്നു വിശ്വാസമുണ്ടെങ്കിൽ അതിനൊന്നും വിഷമമുണ്ടാകുകയില്ല. എല്ലാം വന്നു ചേരും" എന്നു സ്വാമികൾ പറഞ്ഞു. കുറച്ചുകഴിഞ്ഞപ്പോൾ ഒരു മുതലിയാർസ്ത്രീ കുറെ പഴവും പാലും കൊണ്ടുവന്നു, "ഈ ക്ഷേത്രത്തിൽ ഇന്നിവിടെ ഒരു മഹാത്മാവു് ഇരിക്കുമെന്നു ഇന്നലെ ഞാൻ സ്വപ്നംകാൺകയാലാണു് ഇതു കൊണ്ടുവന്നതു്"എന്നു പറഞ്ഞു സ്വാമികളെ നമസ്കരിച്ചു. സ്വാമി ഗുരുപ്രസാദിനെ നോക്കി ചിരിച്ചുകൊണ്ടു്, "അങ്ങിനെ ഉണ്ടാകുമോ? ഇവൾ നമ്മെ അറിഞ്ഞുകൂടല്ലൊ."എന്നു പറഞ്ഞു, ആ സ്ത്രീയെനോക്കി "വയറുവേദനയുണ്ടു് ഇല്ലേ?" എന്നു ചോദിക്കുകയും ഒരു പഴം കൊടുത്തിട്ടു്, "ഇല്ല, ഇനി ഉണ്ടാകുകയില്ല" എന്നു പറയുകയുംചെയ്തു.

ഒരിക്കൽ ഇറോഡു് എന്ന നഗരത്തിന്നടുത്തുള്ള ഭവാനി എന്ന സ്ഥലത്തു ഒരു വിഘ്നേശ്വരപ്രതിഷ്ഠക്കായി സ്വാമികൾ പോയിരുന്നു. വളരെക്കാലം ഒരു ചികിത്സകൊണ്ടും ഭേദപ്പെടാതെ, കാലിന്നും കൈക്കും നാലു

ചങ്ങലയിട്ടു പൂട്ടിയിരിക്കുന്നതായ ബലവാനും യൌവന യുക്തനുമായ ഒരു ഭ്രാന്തനെ സ്വാമികൾ കാണുവാൻ ഇട യായി. കരുണാനിധിയായ സ്വാമികൾ, "അയ്യോ! പാ വം! അഴിച്ചു വിടണം" എന്നു പറഞ്ഞു. തൃപ്പാദങ്ങളു ടെ നിർബ്ബന്ധത്താൽ ചങ്ങല അഴിച്ചുവിട്ടു. "അവനു ഒന്നു മില്ലല്ലൊ! അവൻ എന്നോടുകൂടി ഇരുന്നുകൊള്ളട്ടെ" എന്നു പറഞ്ഞു സ്വാമികൾ അവനെ അവിടെനിൎത്തി ശേഷമുള്ളവരെ മടക്കിഅയച്ചു. സ്വാമികൾ ഈറോ ഡ് വിടുന്നതുവരെ അവൻ കൂടെയുണ്ടായിരുന്നു. പിന്നെ അവനു ഭ്രാന്തുണ്ടായിട്ടില്ല.

ഇങ്ങിനെ യാതൊരാൾക്കും ഒരു ഉപദ്രവവും ചെ യ്യാതെ, അഹങ്കാരപ്രലോഭനങ്ങൾക്കു ഇടനൽകാതെ, ജ നഹിതമറിഞ്ഞു പ്രവൎത്തിച്ചുപോന്ന ശ്രീനാരായണ പര മഹംസരുടെ അത്ഭുത പ്രവൃത്തികൾ അതിശയോക്തി ക ലൎന്നതൊ, കെട്ടിച്ചമച്ചതൊ അല്ല, സാധാരണ സംഭവി ക്കുന്നവ മാത്രമാണ്. വന്യമൃഗങ്ങളോടു വാത്സല്യപൂൎവ്വം പെരുമാറുക, ബാധോപദ്രങ്ങൾ നീക്കുക, മാറാത്ത രോ ഗങ്ങൾ മാററുക ഇവയെല്ലാം തപഃശക്തികൊണ്ടു സാധി ക്കുന്നതാണ്. എന്നാൽ അത്ഭുതങ്ങൾ കാണിച്ചതുകൊ ണ്ടുമാത്രം ഒരാൾ മഹാത്മാവായിത്തീരുന്നതല്ല. ദിവ്യ ജീവിതമാണ് ശ്രേഷ്ഠം. പരനുപകാരപ്രദമായ പ്രവൃ ത്തികൾകൊണ്ടു ജീവിതം പരിശുദ്ധമാക്കിത്തീൎക്കുവാൻ പരിശ്രമിക്കുക. നല്ല പ്രവൃത്തികൾചെയ്തു നല്ലവരായി

രിക്കുവാൻ ഉത്സുകിതരാവുക. ശ്രീനാരായണ ഗുരുവെപ്പോലെ നമുക്കും ഉൽകൃഷ്ട മാതൃകാപുരുഷന്മാരായിത്തീരുവാൻ സാധിക്കുന്നതാണെന്നു വിശ്വസിച്ചു പ്രവൎത്തിക്കുക!

---

## അദ്ധ്യായം 11 ആരാധനാ സ്വാതന്ത്ര്യം

അഗാധമായ പാണ്ഡിത്യം, അനുപമമായ സ്വഭാവവൈശിഷ്ട്യം, അനന്യസാധാരണമായ അത്ഭുത സിദ്ധികൾ എന്നിവ ആൎജ്ജിച്ച ശ്രീനാരായണ പരമഹംസർ, സത്യാഗ്രഹിയായ ഒരു വിപ്ലവകാരിയുമായിരുന്നു. സാമുദായികമായും മതപരമായും അവിടുന്ന് വരുത്തിയ മാററങ്ങൾ, അസമത്വം നശിപ്പിക്കേണ്ടതിന്നു കാണിച്ചുതന്ന മാൎഗ്ഗങ്ങൾ മുതലായവ സൃഷ്ടിപരമായ വിപ്ലവ മനോഭാവത്തിൻെറ പ്രതിരൂപങ്ങൾ മാത്രമായിരുന്നു. താലികെട്ട്, വണ്ണാത്തിമാററ്, മുതലായ അനാചാരങ്ങൾ, 'നരനുനരനശുദ്ധ' വസ്തുവായ ജാതിത്തം മുതലായവ മുരടോടുകൂടി വെട്ടിനീക്കി.

"നെല്ലിൻചുവട്ടിൽ മുളക്കും–കാട്ടു
പുല്ലല്ല സാധു പുലയൻ.
ശങ്കവേണ്ടൊന്നായ് പുണർന്നാൽ–അതു
പൊങ്കതിർപൂണും ചെടിതാൻ"

എന്നു ലോകത്തിന്നു കാണിച്ചുകൊടുക്കുവാൻ ഉപയോഗിച്ച അഹിംസാപരമായ പദ്ധതി, ആരാധനാസ്വാ

തന്ത്ര്യവും വേദാദ്ധ്യയനവും എല്ലാവക്കും ആവാമെന്നു യാതൊരാളേയും ഭയപ്പെടാതെ ചെയ്ത വിളംബരം, ക്ഷേത്രനിമ്മാണം മുതലായവ ശ്രീനാരായണ യോഗിവര്യൻ ഒരു ഉത്തമ സത്യാഗ്രഹിയായ വിപ്ലവകാരിയാണെന്നതിൻെറ ഉത്തമ ദൃഷ്ടാന്തങ്ങളാണു്. ലോകത്തിൽ കാണുന്ന അനീതികളെയും അക്രമങ്ങളെയും അകററുവാനായി സധീരം പരിശ്രമിക്കുന്ന മഹാത്മാക്കൾ— ശാലീന ജീവിതംനയിക്കുന്ന പുണ്യാത്മാക്കൾ— എന്നും സത്യാഗ്രഹികളായ വിപ്ലവകാരികളായിരിക്കും.

അവരവരുടെ വിശ്വാസമനുസരിച്ചു് ഈശ്വരനെ ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം ഓരോരുത്തക്കും ഉണ്ടു്. എന്നാൽ സ്വാമി തൃപ്പാദങ്ങളുടെ കാലത്തു്, സനാതന ധമ്മതത്വങ്ങളാൽ അലംകൃതമായ ഹിന്തുമതം, കാട്ടുംവെടലും നിറഞ്ഞ ഘോരവനങ്ങളായി പരിണമിച്ചിരിക്കുകയായിരുന്നു. ഹിന്തുസമുദായത്തിൽപെട്ട ഭൂരിപക്ഷം ദരിദ്ര നാരായണന്മാർ അന്നു് അധഃകൃതരെന്ന പേരിലാണു് അറിയപ്പെട്ടിരുന്നതു്. വിദ്ധ്യാഭ്യാസമൊ പരിഷ്കാരമൊഇല്ലാതെ, തിറകെട്ടി തുള്ളുക, മൃഗങ്ങളെ ബലികൊടുക്കുക മുതലായ ആസുര കമ്മങ്ങൾ ചെയ്യലും മററുമായിരുന്നു അവരുടെ മതചടങ്ങുകൾ. സാത്വീകമായ മതാനുഷ്ഠാനങ്ങൾ അവക്കു അന്നു നിഷേധിച്ചിരുന്നു. വേദാദ്ധ്യയനവും ഉത്തമ കമ്മാനുഷ്ഠാനങ്ങളും ഏതാനും ചിലരുടെ പൈതൃക സ്വത്തായി കണക്കാക്കി, ഒരു വലിയ വിഭാഗം ജനങ്ങളെ നരകവും നമിക്കുന്ന നിലവറക്കുണ്ടി

ലിട്ടടച്ചിരുന്നു. അങ്ങിനെ ധാൎമ്മികമായി അധഃപതിച്ചു കിടക്കുന്ന പാവങ്ങളെ ഉദ്ധരിക്കേണ്ടതിന്നുവേണ്ടിയുള്ള ഒന്നാമത്തെ കാൽവെപ്പാണ് സ്വാമികളുടെ അരുവിപ്പുറത്തെ ക്ഷേത്രപ്രതിഷ്ഠ. അരുവിപ്പുറം ക്ഷേത്രമണ്ഡലമായി മാറിയതോടുകൂടി ഭാരതീയാന്തരീക്ഷത്തിൽ തടിച്ചുകൂടിയ കരിങ്കാറുകൾ ഒന്നു നടുങ്ങുകതന്നെ ചെയ്തു.

പ്രകൃതിരമണീയമായ അരുവിപ്പുറം ഒരു തീൎത്ഥാടനസ്ഥലമായി മാററിയതിന്നുശേഷം തിരുവിതാംകൂറിൽ പലയിടങ്ങളിലും ഭക്തജനങ്ങളുടെ ആവശ്യാൎത്ഥം പല ക്ഷേത്രപ്രതിഷ്ഠകളും സ്വാമികൾ നടത്തിയിരുന്നു. തദവസരത്തിലായിരുന്നു കായിക്കരവെച്ച് കുമാരുവെ കണ്ടതും കവിതാ വാസനയുള്ള ആ യുവാവോട് ശൃംഗാര കവിതകൾ എഴുതരുതെന്നു ഉപദേശിക്കുകയും ചെയ്തിരുന്നതു്. എന്നല്ല, കുമാരുവെ തൻെറകൂടെ കൂട്ടുകയും അദ്ദേഹത്തിന്നു് ഉപരിപഠനത്തിന്നുള്ള മാൎഗ്ഗങ്ങൾ ഉണ്ടാക്കികൊടുക്കുകയും ചെയ്തു. മഹാകവി കുമാരനാശാൻെറ സൎവ്വ അഭ്യുദയത്തിന്നും കാരണം ശ്രീനാരായണഗുരു സ്വാമികൾ മാത്രമാണു്.

ബിംബാരാധനയെ സാധൂകരിക്കേണ്ടതിന്നൊ പ്രചരിപ്പിക്കേണ്ടതിന്നൊ വേണ്ടിയായിരുന്നില്ല സ്വാമികൾ ക്ഷേത്രപ്രതിഷ്ഠകൾ ചെയ്തിരുന്നതു്. ക്ഷേത്രസ്ഥാപനങ്ങളെയും, തുടൎന്നുള്ള മററു സംഗതികളെയും സംബന്ധിച്ചു് സ്വാമികളുടെ അഭിപ്രായംതന്നെ നോക്കുക:-

"ക്ഷേത്രങ്ങൾ പഴയസമ്പ്രദായത്തിൽ വളരെ പണം ചിലവുചെയ്തു ഉണ്ടാക്കേണ്ട ആവശ്യമില്ല. ഉത്സവത്തിന്ന് കരിമരുന്നിന്നും മററും പണം ചെലവഴിക്കരുത്. ക്ഷേത്രത്തിൽ, ജനങ്ങൾക്കു സുഖമായി വന്നിരിക്കുവാനും പ്രസംഗിക്കാനും ഉപയുക്തമായ രീതിയിലുള്ള വിശാലമായ മുറികളാണ് വേണ്ടത്. എല്ലാ ക്ഷേത്രങ്ങളോടും സംബന്ധിച്ച് വിദ്യാലയങ്ങളും ഉണ്ടായിരിക്കണം. കുട്ടികളെ പലതരം വ്യവസായങ്ങൾ ശീലിപ്പിക്കാനുള്ള ഏർപ്പാടുകൾ ക്ഷേത്രത്തോടു സംബന്ധിച്ച് ഉണ്ടാക്കേണ്ടതാണ്. ജനങ്ങളിൽനിന്നു വഴിപാടായി ക്ഷേത്രങ്ങളിൽ കിട്ടുന്ന പണം സാധുജനങ്ങൾക്കു പ്രയോജനപ്പെടത്തക്കവണ്ണം ചെലവഴിക്കുകയാണ് വേണ്ടത്. ക്ഷേത്രങ്ങളിൽ വരുന്നവർക്കു കുളിക്കുവാൻവേണ്ട കുളങ്ങൾ ഉണ്ടാക്കുന്നതു നന്നല്ല. കുളങ്ങൾ എപ്പോഴും ശുദ്ധമായി സൂക്ഷിക്കുവാൻ സാധിക്കുന്നതല്ലല്ലൊ. അതുകൊണ്ട് തലക്കുമീതെ വെള്ളം വീഴത്തക്കവിധം ചെറുതരം കുഴലുകൾ ഇണക്കീട്ടുള്ള കുളിമുറികൾ കുറെയധികം ക്ഷേത്രത്തിന്നടുത്തു ഉണ്ടാക്കുകയാണ് വേണ്ടത്."

ഇങ്ങിനെയുള്ള നിർദ്ദേശങ്ങൾ പല അവസരങ്ങളിലും സ്വാമികൾ നൽകിയിരുന്നു. ശ്രീനാരായണഗുരു പ്രതിഷ്ഠിച്ച ക്ഷേത്രങ്ങളിൽ മുഖ്യമായ ഒന്ന് മുട്ടയ്ക്കാട്ട് കുന്നുംപാറ ക്ഷേത്രമാണ്; മറെറാന്ന് ശിവഗിരിയിലെ ശാരദാപ്രതിഷ്ഠയാണ്. സാധാരണ അമ്പലങ്ങളിൽ കാ

ങ്ങനെത്തുപോലെയുള്ള പൂജാദികളൊന്നും ശാരദാമഠത്തിലില്ല. ഒരു ഉന്നത നിലവാരത്തിലുള്ള ആരാധനാ സമ്പ്രദായമാണ് അവിടെ നടപ്പാക്കിയിട്ടുള്ളത്. ക്ഷേത്രത്തിൽ വന്നിരുന്ന ഈശ്വരനെ ധ്യാനിക്കുവാനുള്ള സമ്പ്രദായത്തിലാണ് ക്ഷേത്രനിർമ്മാണം. പലവിധ വർണ്ണക്കണ്ണാടികൾ ഉള്ള ജനലുകളാലും മിനുസമുള്ള ഇഷ്ടികകളാലും ഏററവും അഴകും വൃത്തിയുമുള്ളതായി ശോഭിക്കുന്ന ഒരു എൺകോൺ കെട്ടിടമാണ് ശാരദാമഠം.

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ, സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിതു്"

എന്ന് അരുവിപ്പുറം ക്ഷേത്രത്തിൽ എഴുതി വെച്ചിരിക്കുന്നതു് മററു ക്ഷേത്രങ്ങൾക്കും ബാധകമാണ്.

ശ്രീനാരായണ യോഗിവര്യൻ മംഗലാപുരം മുതൽ കന്യാകുമാരിവരെ പലയിടങ്ങളിലും ജനഹിതമനുസരിച്ച് ക്ഷേത്രപ്രതിഷ്ഠ നടത്തിയിട്ടുണ്ട്. 1097ൽ പള്ളിപ്പുറം വിജ്ഞാനവർദ്ധിനി സഭവക വലിയ ക്ഷേത്രപ്രതിഷ്ഠാകർമ്മം നടത്തിയതിന്നുശേഷം സഭാംഗങ്ങൾ തൃപ്പാദങ്ങൾക്ക അർപ്പിച്ച മംഗളപത്രത്തിന്നു നൽകിയ മറുപടി ശ്രദ്ധേയമാണ്:-

"നമ്മുടെ സമുദായത്തിൽ ഉയർന്നതരം വിദ്യാഭ്യാസമുള്ളവർ വളരെ ചുരുക്കംപേർ മാത്രമേയുള്ളൂ. ഇപ്പോൾ ഏതാനും കൊല്ലങ്ങളായി നമ്മുടെ സമുദായാംഗങ്ങൾക്ക് വിദ്യാഭ്യാസത്തിൽ അഭിരുചി ജനിച്ചു കാണുന്നുണ്ട്.

അതു സന്തോഷകരംതന്നെ. വിദ്യാഭ്യാസം ഏതു സമുദായത്തേയും ഉന്നത മാൎഗ്ഗത്തിലേക്കു നയിക്കുന്ന ഒന്നാകയാൽ, നാം സമുദായാഭിവൃദ്ധിയെ കാംക്ഷിക്കുന്നുണ്ടെങ്കിൽ വിദ്യാഭ്യാസത്തിന്നു നമ്മുടെ ഇടയിൽ ധാരാളം പ്രചാരമുണ്ടാകുവാൻ ശ്രമിക്കണം. ഉയൎന്നതരം പരീക്ഷകൾ നേടുന്നതിന്നു എല്ലാവൎക്കും സാദ്ധ്യമായി എന്നു വരികയില്ല. അതിനാൽ ഒരുവിധം ധനമുള്ളവർ, സാധുക്കളും വിദ്യാതല്പരന്മാരുമായ വിദ്യാൎത്ഥികളെ കഴിയുന്നത്ര സഹായിച്ചു ഇതരദേശങ്ങളിലയച്ചു വിദ്യ അഭ്യസിപ്പിക്കുവാൻ ശ്രമിക്കണം. ഇതു നമ്മുടെ സമുദായത്തിന്നു പലവിധത്തിലും ഗുണകരമായ ഒരു സംഗതിയായിരിക്കും. സംസ്കൃത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കുറഞ്ഞുകുറഞ്ഞാണു് കാണപ്പെടുന്നതു്. ഇപ്പോൾ പ്രധാനമായി പ്രചാരത്തിലിരിക്കുന്ന ഭാഷ ഇംഗ്ലീഷാകുന്നു. അതിനാൽ ആ ഭാഷയിലാണു് നാം നമ്മുടെ ശ്രദ്ധ പതിപ്പിക്കേണ്ടതു്. സമുദായത്തിൽ പുരുഷന്മാൎക്കു മാത്രമല്ല സ്ത്രീകൾക്കും വിദ്യാഭ്യാസമുണ്ടായിരിക്കണം. അവരെ ഇപ്രകാരമുള്ള കാൎയ്യങ്ങളിൽ പിന്നോട്ടു തള്ളിവിടരുതു്.

“വിദ്യാഭ്യാസം കഴിഞ്ഞാൽ സമുദായാഭിവൃദ്ധിക്കാവശ്യമായിട്ടുള്ളതു് വ്യവസായമാണു്. നമ്മുടെ സമുദായത്തിന്റെ ധനസ്ഥിതി വളരെ മോശമാണു്. വ്യവസായംകൊണ്ടല്ലാതെ ധനാഭിവൃദ്ധിയുണ്ടാക്കാൻ സാധിക്കുന്നതല്ല. ഈ കാൎയ്യത്തിലും ധനവാന്മാരുടെ ശ്രദ്ധയാണു്

39743

പതിയേണ്ടതു്. പലമാതിരി യന്ത്രങ്ങൾ മുതലായവ വരുത്തി കൈപ്പണികൾ നടത്തിക്കുന്നതിന്നും നടത്തുന്നതിന്നും ധനവാന്മാർക്കുമാത്രമേ അധികം സാധിക്കുകയുള്ളൂ. ഒരാളെക്കൊണ്ടു സാധിക്കാതെ വരുന്നപക്ഷം പലർ കൂട്ടു കമ്പനി ഏർപ്പെടുത്തി ഇപ്രകാരമുള്ള കാര്യങ്ങളിൽ സധൈര്യം വേണ്ടതു പ്രവൎത്തിക്കേണ്ടതാണ്. അഭിവൃദ്ധിമാൎഗ്ഗങ്ങൾ നേരെ കിടക്കുന്നുണ്ടെങ്കിലും അതിലേക്കു കാലു വെക്കുവാൻ നമ്മുടെ സമുദായാംഗങ്ങൾ ധൈര്യപ്പെടുന്നില്ല. ഈ രാജ്യത്തു ധാരാളമായുണ്ടാകുന്ന കൊപ്ര, ചകിരി മുതലായവ അന്യരാജ്യങ്ങളിൽ അയച്ചു അവിടെ അവർ രൂപാന്തരപ്പെടുത്തുന്നതിനെ വളരെ കൂടുതൽ വില കൊടുത്തു നാം വാങ്ങി ഉപയോഗിക്കുന്നു. ഇപ്രകാരം ചെയ്യേണ്ടിവരുന്നതു അവയെ രൂപാന്തരപ്പെടുത്തേണ്ട മാതിരി നമുക്കു അറിവാൻ പാടില്ലാഞ്ഞിട്ടാണ്. ഇതിന്റെ നിവാരണത്തിന്നായി നമ്മുടെ കുട്ടികളെ പാഠശാലകളിൽ അയച്ചു പഠിപ്പിക്കണം. അതു ധനവാന്മാരുടെ മുറയാണ്. ഇതു കൂടാതെ പ്രാഥമിക വിദ്യാഭ്യാസമെങ്കിലും എല്ലാവൎക്കുമുണ്ടായിരിക്കണം.

"സാഹിത്യസംഘങ്ങളും വായനശാലകളും ഓരോ സ്ഥലത്തും പ്രത്യേകം പ്രത്യേകം ഉണ്ടായിരിക്കേണ്ടതും അവ മൂലം വിദ്യാഭ്യാസവിഷയത്തിൽ സമുദായത്തിന്നു വളരെ അഭിവൃദ്ധിയുണ്ടാകുവാൻ ഇടയുള്ളതുമാകുന്നു. സാഹിത്യസംഘങ്ങളും വായനശാലകളും പ്രബലപ്പെട

ന്നതിന്ന് സമുദായാംഗങ്ങൾ ഓരോരുത്തരും യഥായോഗ്യം യത്നിക്കേണ്ടതാണു്. ഇങ്ങിനെയുള്ള കാൎയ്യങ്ങളിൽ ധനവാന്മാർ മൌനാവലംബികളായിരിക്കുന്നതു തീരെ പോരാത്തതാണു്."

ഇങ്ങിനെ മാനവസമുദായത്തിൻെറ അഭ്യുന്നതിക്കു വേണ്ടിയുള്ള സദുപദേശങ്ങൾ പലപ്പോഴും നല്കിയിരുന്നു. ശ്രീ നാരായണഗുരുവിന്നു ക്ഷേത്രപ്രതിഷ്ഠ ജനങ്ങളെ സേവനം ചെയ്യുന്നതിന്നും ഉത്തമ ആദൎശത്തിലേക്കു നയിക്കുന്നതിന്നും പൎയ്യാപ്തമായ ഒരു ഉപകരണം മാത്രമായിരുന്നു. ജനങ്ങൾ നല്ലവരായിത്തീരണം, അതായിരുന്നു സ്വാമികളുടെ ആവശ്യം. തിരുവനന്തപുരത്തിന്നടുത്തു മുരുക്കുംപുഴ എന്ന സ്ഥലത്തു് സ്വാമികൾ വിശേഷരീതിയിലുള്ള ഒരു പ്രതിഷ്ഠ നടത്തി. സത്യം, സ്നേഹം, ദയ എന്നു എഴുതിയ ഒരു പ്രഭയാണു് ബിംബത്തിന്നുപകരം അവിടെ പ്രതിഷ്ഠിച്ചതു്. അതുപോലെ ആലുവായിൽ "ഓം" എന്നെഴുതിയ ആൾകണ്ണാടിയും. കണ്ണാടിയുടെ മുമ്പിൽ നില്ക്കുന്ന ഭക്തൻ തന്നത്താൻ ആരാധിക്കുകയാണു് ചെയ്യുന്നതു്.

അങ്ങിനെ അധഃകൃതരായി അവഗണിക്കപ്പെട്ട പാവങ്ങൾ, ആരാധനാ സ്വാതന്ത്ര്യത്തോടുകൂടി അവരുടെ സ്വന്തം ക്ഷേത്രങ്ങളിൽ മന്ദമന്ദം കാൽവെക്കുവാൻ തുടങ്ങിയതോടുകൂടി കേരളത്തിലെ അനാചാരക്കോട്ടകൾ ഒന്നൊന്നായി പൊട്ടിത്തകരുവാൻ തുടങ്ങി. പൂൎണ്ണതൃ

ൽ പൂണ്ട ബ്രാഹ്മണനും, പൊട്ടിത്തെറിക്കുന്ന വെയിൽ കൊണ്ടു പാടം കിളക്കുന്ന ചെറുമനും ഈശ്വരൻെറ തിരുമുമ്പിൽ സമന്മാരായിത്തീൎന്നു. ശ്രീനാരായണൻ സമസ്തസുന്ദരമായ ഒരു പൂങ്കാവനമാണ് നമുക്കു നല്കിയതു്. ആ പൂവനത്തിൽവെച്ചു ഭാവിതലമുറയിലെ കെടാവിളക്കുകളായ കുട്ടികൾക്കു സ്വഛന്ദം ആറാടിക്കളിക്കാമല്ലോ.

---

## അദ്ധ്യായം 12. ആചാരപരിഷ്കാരം

അധഃകൃതവൎഗ്ഗക്കാരെ പരിപാവനമായ മതത്തിൻെറ ദൂഷിച്ച ചട്ടക്കൂട്ടിൽനിന്നുവിമുക്തരാക്കിയതിന്നു ശേഷം ശ്രീനാരായണ പരമഹംസർ അവരുടെ ഇടയിൽ പടൎന്നു പിടിച്ചിരിക്കുന്ന അനാചാരങ്ങളെ നീക്കം ചെയ്യേണ്ടതിന്നു ഉദ്യുക്തനായി. അതിന്നായി "ശ്രീനാരായണ ധൎമ്മ പരിപാലനസംഘം" എന്ന പേരിൽ ഒരു സംഘം 1070 ധനുമാസം 20-ാംനു- രൂപവൽക്കരിച്ചു. കൽക്കത്തയിൽ നിന്നു ഉപരിവിദ്യാഭ്യാസം കഴിഞ്ഞു തിരിച്ചുവന്ന മി: കുമാരനാശാൻ ആയിരുന്നു അതിൻെറ ഒന്നാമത്തെ സിക്രട്ടെരി. ശ്രീ നാരായണ ഗുരുദേവൻെറ ആജ്ഞയനുസരിച്ചു മഹാകവി കുമാരനാശാനും സഹപ്രവൎത്തകന്മാരും സമുദായത്തിന്നുവേണ്ടി ചെയ്ത സേവനങ്ങൾ അനുസ്മരണീയമാണ്.

സ്വാമികൾ 1084ൽ അയച്ച ഒരു സന്ദേശത്തിൽ പറയുന്നു:- "തിരണ്ടുകുളി, പുളികുടി ഈ അടിയന്തര

ങ്ങൾ കഴിയുന്ന വേഗത്തിൽ എങ്ങും ഇല്ലാതാകുവാൻ വേണ്ടതു ചെയ്യണം.; അവ അശാസ്ത്രീയവും അനാവശ്യവും ആണ്.

"സ്ത്രീ പുരുഷന്മാർ വിവാഹസമയത്തു പരസ്പരം പുഷ്പമാല അണിയിക്കുന്നതോടുകൂടി ഭാര്യയുടെ കണ്ഠത്തിൽ ദാമ്പത്യബന്ധത്തെ സൂചിപ്പിക്കുന്നതായ ഒരു താലികെട്ടുന്നതു നന്നാണ്. എന്നാൽ ചരമഗതിയെ പ്രാപിക്കുകയൊ, ഉപേക്ഷിക്കുകയൊ ചെയ്ത ഭർത്താവിൻെറ സ്മാരകമായി പുനർവിവാഹം ചെയ്യപ്പെടുന്ന സ്ത്രീയുടെ അംഗത്തിൽ യാതൊന്നും ഉണ്ടായിരിക്കരുതു്. അതുകൊണ്ടു് പുനർവിവാഹം ചെയ്യുന്ന ആൾ ആദ്യത്തെ താലിയെ പുനർവിവാഹ കാലത്തൊ അതിന്നു ശേഷമൊ ധരിച്ചിരിക്കുവാൻ പാടില്ലാത്തതാകുന്നു.

ഏകകാലത്തിൽ ഒരുത്തന്നു ഒന്നിലധികം ഭാര്യമാരും ഒരുത്തിക്കു ഒന്നിലധികം ഭർത്താക്കന്മാരും ഇപ്പോഴും ചില ദിക്കുകളിൽ കാണുന്നുണ്ടു്. ഈ ഏർപ്പാടു് മേലാൽ യഥേഷ്ടം അനുവദിക്കാതിരിക്കുവാൻ വേണ്ടതു ആലോചിക്കണം.

"സ്വജനങ്ങളിൽ മരുമക്കത്തായം അനുസരിക്കുന്നവരുടെ ഇടയിൽ ഒരുത്തൻെറ സ്വന്തസമ്പാദ്യത്തിൽനിന്നു ഒരംശത്തിനെങ്കിലും അവൻ മുറപ്രകാരം വിവാഹം കഴിച്ച ഭാര്യയും മക്കളും അവകാശികളായിരിപ്പാൻ നിയമംവേണം; അല്ലെങ്കിൽ വിവാഹം നിരർത്ഥകമായിരി

ക്കം. ഇതിനേയും സാവധാനമായി വിചാരിച്ചു വേണ്ട
ത് പ്രവത്തിക്കണം.”

1085 ചിങ്ങം 15–ാംനു- സ്വാമികളുടെ ജന്മനക്ഷത്രം കൊണ്ടാടിയ അവസരത്തിൽ അവിടുന്നു നല്കിയ സന്ദേശത്തിൽ ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി:–

“മതത്തിൻെറ സാമാന്യതത്വത്തെ ജനസാമാന്യത്തിന്നു ഉപദേശിക്കുകയും ഈശ്വരഭക്തിയെ എങ്ങും പ്രചരിപ്പിക്കുകയും ചെയ്ക. ബാഹ്യാന്തരശുദ്ധിയൊ അല്ലെങ്കിൽ ത്രികരണശുദ്ധിയൊ സമ്പാദിക്കാൻ ജനങ്ങളുടെ ഇടയിൽ വേണ്ടുംവിധം യത്നിക്കുക. അഹിംസ, സ്നേഹം, ഐകമത്യം ഇവയുടെ മാഹാത്മ്യത്തെ ജനങ്ങളുടെ ഇടയിൽ പ്രസംഗിക്കുകയും അവയെ അനുഷ്ഠിപ്പിക്കുകയും ചെയ്ക. സാധുജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസസ്ഥിതിയെ നന്നാക്കുക.”

ഇങ്ങിനെ സ്വാമി തൃപ്പാദങ്ങളുടെ പരിശ്രമത്താൽ തിരണ്ടുകുളി, പുളികുടി, താലികെട്ട് എന്നീ അടിയന്തരങ്ങൾ കേരളത്തിലൊട്ടുക്കും നാമാവശേഷമായി. വിവാഹസമ്പ്രദായം വൈദികപദ്ധതിയെ അനുസരിച്ചു ചെയ്യേണ്ടതിന്നു ചില ചട്ടങ്ങൾ സ്വാമികൾ ഏപ്പെടുത്തി. ചെറുമക്കളുടെ ഇടയിൽനിന്നു കുട്ടികളെ സ്വാമികൾ എടുത്തുവളത്തി പഠിപ്പിക്കുകയും ആലുവായി അദ്വൈതാശ്രമത്തിൽ മററുള്ളവരോടൊന്നിച്ചു പാപ്പിക്കുകയും ചെയ്തു. എന്നു മാത്രമല്ല, ആശ്രമത്തിൽ ഭക്ഷണം പാകം ചെയ്വാൻ ചെറുമക്കളെത്തന്നെ നിയമിക്കുകയുമുണ്ടായി.

"തെങ്ങ ചെത്തി കള്ളുണ്ടാക്കുന്നതു നന്നല്ല. മദ്യം വിഷമാണ്; അതു ഉണ്ടാക്കരുതു്; കൊടുക്കരുതു്; കുടിക്കരുതു്. ചെത്തുകാരൻെറ ദേഹം നാറും; തുണി നാറും; വീടു നാറും; അവൻ തൊട്ടതെല്ലാം നാറും" എന്നു് സ്വാമികൾ ഒരവസരത്തിൽ പ്രസ്താവിക്കുകയുണ്ടായി.

മിശ്രഭോജനവും മിശ്രവിവാഹവും ജാതിയെ ഇല്ലാതാക്കുവാൻ പററിയ മാർഗ്ഗങ്ങളാണ്. ഒരു സന്ദേശത്തിൽ സ്വാമികൾ കല്പിക്കുന്നു:—"മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ എങ്ങിനെയിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ടു് അന്യോന്യ വിവാഹവും പന്തിഭോജനവും ചെയ്യുന്നതിന്നു യാതൊരു ദോഷവുമില്ല."

അസുഖകരമായ ഒരു വാക്കുപോലും പറയാതെ, മതപ്പോരുകൾ നടത്താതെ, സാമുദായിക ലഹളകൾക്കു വകവെച്ചുകൊടുക്കാതെ, നാനാ ജനങ്ങൾക്കും മാതൃകാപരമായി ജീവിക്കുവാനും മാർഗ്ഗോപദേശങ്ങൾ സ്വാമികൾ നല്കിയിരുന്നു. ത്യാഗസുരഭിലമായ പ്രവൃത്തനങ്ങളിൽ ജഗദ്ഗുരു ശ്രീനാരായണൻ വിജയശ്രീലാളിതനായിരുന്നു.

## അദ്ധ്യായം 13. ഒരു സഞ്ചാരം

ശ്രീനാരായണ ഗുരുസ്വാമികൾ, എഴുപതാമത്തെ തിരുനാൾ കഴിഞ്ഞതിന്നുശേഷം, 1926 സപ്തെമ്പർ 4-ാംനു- ഒരു സഞ്ചാരത്തിന്നു പുറപ്പെട്ടു. ചുരുക്കം ശിഷ്യന്മാർ മാത്രമെ കൂടെയുണ്ടായിരുന്നുള്ളു. വർക്കലയിൽനിന്നു അമ്പാ സമുദ്രത്തിലേക്കു വന്നു. താമ്രപർണ്ണിയാററിൻെറ തീരത്തു ഒരാഴ്ചയോളം താമസിച്ചു. അവിടെ നിന്നു തിരുപ്പരംകൻ്‌റത്തിലേക്കു പോയി; മുട്ടയരശു എന്ന ഏകാന്തമായ വനത്തിൽ സ്വാമികൾ കുറേ ദിവസം വിശ്രമിച്ചു. ഭക്തജനങ്ങൾ ആ വനത്തിലും സ്വാമീദർശനത്തിന്നായി എത്തിത്തുടങ്ങി. പിന്നീടു കുന്നക്കുടിയിലും, കോവില്പൂരിലും, ദേവക്കോട്ടയിലും സ്വാമികൾ കുറച്ചുദിവസം താമസിക്കുകയുണ്ടായി.

കുന്നക്കൊടിയിൽ താമസിക്കുമ്പോൾ ഒരു വിശേഷസംഭവമുണ്ടായി. സ്വാമികൾ അവിടെ ബ്രഹ്മാനന്ദസ്വാമിമഠത്തിൽ വിശ്രമിക്കുകയായിരുന്നു. അടുത്തു ഒരു ഗണപതിക്ഷേത്രം ആരുടേയും ശ്രദ്ധയിൽപെടാതെ കിടക്കുന്നുണ്ടു്. പ്രമാണികളായ ഭക്തന്മാർ മഴയില്ലാത്തതിനാൽ സ്വാമികളോടു സങ്കടം പറഞ്ഞു. "മഴപെയ്താൽ ഈ പിള്ളയാ (ഗണപതി) ക്കു തേങ്ങയുടയ്ക്കാമോ?" എന്നു സ്വാമികൾ ചോദിച്ചു. "എത്ര വേണമെങ്കിലും ഉടയ്ക്കാം" എന്നു എല്ലാവരും പറഞ്ഞു. "എന്നാൽ മഴ

പെയ്യും" എന്നു സ്വാമികൾ കല്പിച്ചു. ഏതാനും മണിക്കൂറുകൾ കഴിഞ്ഞപ്പോൾ നല്ല മഴ പെയ്യുകയും ചെയ്തു. ജനങ്ങൾക്കെല്ലാം വളരെ ആശ്ചര്യം തോന്നി പിള്ളയാക്ക് വിശേഷപൂജയും ആയിരംകണക്കിനു തേങ്ങയുടയ്ക്കലും നടത്തി.

പിന്നെ അവിടെനിന്നു സ്വാമികൾ മധുരയിൽ എത്തി, വൈഗാ നദീതീരത്തുള്ള ഒരു പുണ്യസ്ഥലമായ തിരുവേടകം സന്ദർശിച്ചു. സുഖവാസയോഗ്യമായ ഈ കുഗ്രാമം പുരാണപ്രസിദ്ധമാണു്. "ഇനി മലയാളരാജ്യത്തേക്കു പോകേണ്ട. നമുക്കു എവിടെയെങ്കിലും താമസിച്ചാൽ മതി. ആരെങ്കിലും അന്വേഷിച്ചുവരുമായിരിക്കാം. എന്നാലും പോകരുതു്. ആരു വരാൻ നമ്മെ അന്വേഷിച്ചു്! നമ്മുടെ ദാസ്സ് വരുമായിരിക്കാം. പിന്നേയും ചിലരൊക്കെയുണ്ടല്ലോ." എന്നു സ്വാമികൾ പറയുകയുണ്ടായി.

പിന്നീട് സ്വാമികൾ രാമപുരത്തുപോയി. മൂന്നു ദിവസം കഴിഞ്ഞതിന്നു ശേഷം രാമേശ്വരത്തു വന്നു. അവിടെ നിന്നു കൊളമ്പിലേക്ക് പോകുവാൻ തീരുമാനിച്ചു. കൂടെയുണ്ടായിരുന്ന മിക്കപേരേയും മടക്കി അയച്ചു്, 29-10-26ൽ കൊളമ്പിലേക്ക് പുറപ്പെട്ടു. പിറെറ ദിവസം കാലത്തു കൊളമ്പിൽ എത്തി. അവിടെ സ്വാമികളെ സ്വീകരിക്കാൻ ലക്ഷക്കണക്കിൽ ജനങ്ങൾ തിങ്ങിക്കൂടിയിരുന്നു. അവിടെ നാട്ടുകോട്ട ചെട്ടികളുടെവ

ക കതിരേശൻകോവിലിൽ സ്വാമികൾ വിശ്രമിച്ചു. തൃപ്പാദങ്ങളുടെ ആഗമനത്തെ ബഹുമാനിച്ചു തമിഴർ നിത്യവും സദ്യനടത്തി. കുറച്ചു നാൾ കഴിഞ്ഞതിന്നു ശേഷം മുത്തുവാൽ എന്ന സ്ഥലത്തു ലേഡി അരുണാചലം എന്നവരുടെ ക്ഷേത്രത്തിൽ സ്വാമികൾ വിശ്രമിച്ചു. സിലോണിലുള്ള അവസരത്തിൽ സ്വാമികൾ കാണ്ടിയിലും കൊളമ്പിലും ഉള്ള ബുദ്ധമഠങ്ങൾ സന്ദർശിക്കുകയുണ്ടായി.

ശ്രീ നാരായണ ഗുരുദേവൻ കൊളമ്പിൽ താമസിക്കുന്ന കാലത്തു ധാരാളം ഭക്തജനങ്ങൾ സ്വാമികളുടെ ദർശനത്തിന്നു വന്നിരുന്നു. അവരിൽ ധാരാളം ബുദ്ധഭിക്ഷുക്കളും ഉണ്ടായിരുന്നു. അവിടുന്ന് ഭക്തന്മാർക്ക് പല ഉപദേശങ്ങളും നൽകി. ഒരു ബുദ്ധഭിക്ഷുവിന്നുണ്ടായിരുന്ന ബാധോപദ്രവം സ്വാമികൾതന്നെ നീക്കുകയുണ്ടായി.

സ്വാമികൾക്കു കൊളമ്പ് രാജ്യം വിട്ടുപോരുവാൻ ഇഷ്ടമില്ലായിരുന്നു. നൂറേലിയായിലോ തിരുക്കോണാമലയിലൊ അന്ത്യകാലംവരെ താമസിച്ചാൽ മതി എന്നായിരുന്നു സ്വാമികളുടെ ആഗ്രഹം. "മലയാളത്തു പോകുവാൻ ഇഷ്ടമുള്ളവരെല്ലാം പോകട്ടെ" എന്നു സ്വാമികൾ പറഞ്ഞിരുന്നു. എന്നാൽ പലരുടെയും അപേക്ഷയനുസരിച്ചു സ്വാമികൾ ഇന്ത്യയിലേക്കു തന്നെ മടങ്ങുകയാണ് ചെയ്തതു്. അങ്ങിനെ 1-1-27ന്നു പ്രഭാതത്തിൽ സ്വാമികൾ വർക്കലയിൽ എത്തുകയും ചെയ്തു. നാനാജാതി മതസ്ഥന്മാരായ ഭക്തജനങ്ങളെ അനുഗ്രഹി

ച്ചും ഉപദേശങ്ങൾ നൽകിയും ബാധോപദ്രവങ്ങൾ നീക്കിയുംകൊണ്ടുണ്ടായ സ്വാമികളുടെ കേവലം നാലുമാസത്തെ സഞ്ചാരകാലം അത്ഭുതാവഹമായ ഒന്നായിരുന്നു.

---

## അദ്ധ്യായം 14. സർവ്വമതസമ്മേളനം

അവശ സമുദായങ്ങളുടെ അഭ്യുന്നതിക്കുവേണ്ടി "ആയുസ്സും, വപുസ്സും, ആത്മതപസ്സും" ബലിയൎപ്പിച്ച ശ്രീനാരായണ പരമഹംസരുടെ നിസ്തുല്യസേവന കൃത്യങ്ങൾ ഭാരതീയാന്തരീക്ഷത്തിൽ തങ്കലിപികളാൽ മുദ്രിതമായി. മഹാകവി രവീന്ദ്രനാഥ ടാഗ്രർ, മഹാത്മാഗാന്ധി തുടങ്ങിയ മഹാത്മാക്കൾ സദ്ഗുരുവെ ദശിക്കുവാനായി ആകാംക്ഷയോടുകൂടി ആഗതരായി. "ഭാരതഭൂമിയിൽ ജീവിച്ചിരിപ്പുള്ള പരമഹംസന്മാരിൽ സ്വാമിതൃപ്പാദങ്ങളെപ്പോലെ പാവനചരിതനായ ഒരു മഹാത്മാവില്ല" എന്നു വിശ്വകവി വിളംബരം ചെയ്തു. മഹാത്മാ ഗാന്ധിക്ക് ഹരിജനോദ്ധാരണത്തിന്നു ഒരു പ്രേരകശക്തിയായിരുന്നു സ്വാമികളും അദ്ദേഹവും തമ്മിലുണ്ടായിരുന്ന സംഭാഷണം.

അങ്ങിനെയിരിക്കെ, "അറിയാനും അറിയിക്കുവാനും ആണ്, വാദിക്കുവാനും ജയിക്കുവാനും അല്ല" എന്ന ഉദ്ദേശത്തെ ലക്ഷ്യമാക്കിയുംകൊണ്ട് സ്വാമികൾ 1099 കുംഭം 20, 21 തീയതികളിൽ ആലുവായിൽവെച്ചു ഒരു

സർവ്വമതസമ്മേളനം വിളിച്ചുകൂട്ടി. "എല്ലാ മതങ്ങളുടെയും ഉദ്ദേശ്യം ഒന്നു തന്നെ. നദികൾ സമുദ്രത്തിൽ ചേന്നാൽ തിരക്കുഴിയെന്നും നടുക്കടലെന്നുമുണ്ടോ? ജീവാത്മാക്കൾക്കു ഊർദ്ധ്വമുഖത്വം ഉണ്ടാക്കുവാനുള്ള അധികാരമേ മതങ്ങൾക്കുള്ളൂ. അതുണ്ടായിക്കഴിഞ്ഞാൽ സൂക്ഷ്മം അവർതന്നെ അന്വേഷിച്ചു കണ്ടെത്തിക്കൊള്ളും. സൂക്ഷ്മാന്വേഷണത്തെ സഹായിക്കുന്ന മാർഗ്ഗദർശികൾ മാത്രമാണു മതങ്ങൾ" എന്നാണു സ്വാമികളുടെ അഭിപ്രായം.

അതിനാൽ സർവ്വമതസമ്മേളനത്തിൽ ക്രിസ്തുമതം, മുസ്ലിംമതം, ഹിന്ദുമതം, ബുദ്ധമതം എന്നീ പ്രധാനമതങ്ങൾ പഠിച്ചറിഞ്ഞ മഹാന്മാരെക്കൊണ്ടു് മതതത്വങ്ങളെ അധികരിച്ചു പ്രഭാഷണങ്ങൾ നടത്തിക്കുകയുണ്ടായി. സർ സദാശിവയ്യർ ആയിരുന്നു സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചിരുന്നതു്.

ഈ സമ്മേളനത്തിന്നു സ്വാമികൾ താഴെപറയുന്ന ഒരു സന്ദേശം അയച്ചിരുന്നു: "എല്ലാ മതങ്ങളുടെയും പരമോദ്ദേശം ഒന്നാണെന്നും ഭിന്നമതാനുയായികൾ തമ്മിൽ കലഹിച്ചിട്ടാവശ്യമില്ലെന്നും ഈ മതമഹാസമ്മേളനത്തിൽ നടന്ന പ്രസംഗങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ, നാം ശിവഗിരിയിൽ സ്ഥാപിക്കാൻ വിചാരിക്കുന്ന മഹാപാഠശാലയിൽ എല്ലാ മതങ്ങളും പഠിക്കുന്നതിന്നു വേണ്ട എല്ലാ സൌകര്യങ്ങളും ഉണ്ടാകുമെന്നു വി

ചാരിക്കുന്നു. ഈ സ്ഥാപനത്തിൻെറ തൃപ്തികരമായ നടത്തിപ്പിന്നു അഞ്ചുലക്ഷം രൂപ പൊതുജനങ്ങളിൽനിന്നു ലഭിക്കുന്നതിന്നു എല്ലാവരും സഹായിക്കുമെന്നു വിശ്വസിക്കുന്നു."

അതിനാൽ സമബുദ്ധിയോടും സമഭക്തിയോടും കൂടി നാം എല്ലാ മതങ്ങളും പഠിക്കുക; അറിവിനെ പരസ്പരം സ്നേഹപൂർവ്വം വിനിമയം ചെയ്യാൻ ശ്രമിക്കുക. ഭാരതീയ സംസ്കാരത്തിനനുയോജ്യമായ ഒരു വിദ്യാപീഠത്തിൻെറ പ്രാരംഭപ്രവർത്തനങ്ങളൊക്കെ സ്വാമികൾ തന്നെ ആരംഭിച്ചുവെച്ചിരുന്നു. ജഗദ്ഗുരു ആധുനികലോകാചാര്യന്മാരിൽ പ്രഥമഗണനീയൻ തന്നെയാണ്.

---

## അദ്ധ്യായം 15 സാരോപദേശങ്ങൾ

നരവംശം നന്നായി കാണേണ്ടതിന്നായി സാക്ഷാൽ നാരായണനായ ശ്രീ നാരായണൻ നമുക്ക് പല സാരോപദേശങ്ങളും നൽകിയിട്ടുണ്ട്. നാം ആ സദുപദേശങ്ങൾ അനുഷ്ഠിക്കുകയാണ് വേണ്ടതു്. അതുകൊണ്ടു നമുക്ക് നന്മമാത്രമേ ഉണ്ടാകുവാൻ പോകുന്നുള്ളു.

കേവലം കുട്ടിക്കവിയായ കുമാരുവോട്ട് വെറും ശൃംഗാരശ്ലോകങ്ങൾ എഴുതരുതെന്നു ഉപദേശിച്ചതിൻെറ ഫലമായി കലർപ്പില്ലാത്ത ശൃംഗാരമെന്നു കേരളപാണിനി

യും ശൃംഗാരത്തിൻെറ സൂക്ഷ്മശരീരമെന്നു സാഹിത്യപ ഞ്ചാനനും ഹൃദയംതുറന്നു പ്രശംസിക്കത്തക്കവിധം ജനസ മുദായത്തിൻെറ സാന്മാൎഗ്ഗികബോധത്തിന്നു ഏററവും അ നുയുക്തമായ രീതിയിൽ സത്യവും സദാചാരപ്രബോധക വുമായ പരിശുദ്ധ ശൃംഗാരത്തെ ചിത്രീകരിക്കുന്ന കൃതിക ളാണ് മഹാകവി കുമാരനാശാനിൽനിന്നു നമുക്കു ലഭിക്കു വാൻ ഇടവന്നതെന്നവസ്തുത പ്രത്യേകം സ്മരിക്കേണ്ടതാ ണ്.

"ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്നു്", "മതമേതായാലും മനുഷ്യൻ നന്നായാൽമതി:" "ജാതി വിചാരിക്കരുതു്, ജാതി ചോദിക്കരുതു്, ജാതി പറയരു തു്" എന്നീ ഉപദേശങ്ങൾ നാം സാമുദായിക ജീവിത ത്തിൽ അനുഷ്ഠിക്കേണ്ടവയാണു്.

"അരുള്, അൻപ്, അനുകമ്പ ഇവ മൂന്നിന്നും പൊ രുളു ഒന്നാണു്. അരുളുള്ളവനാണു് ജീവി"; "എല്ലാവ രും ആത്മസഹോദരന്മാരാണു്. ജീവികളെ കൃപയി ല്ലാതെ കൊല്ലുവാനും തിന്നുവാനും എങ്ങിനെ കഴിയുന്നു? കൊല്ലുന്നതു് നന്നല്ല; തിന്നാതിരിക്കുന്നതു അതിലും ഉ ത്തമമാണു്." അങ്ങിനെ നാം ജീവജാലങ്ങളോടു കാരു ണ്യമുള്ളവരായിരിക്കുവാൻ സ്വാമികൾ നമ്മോടു ഉപദേ ശിക്കുന്നു.

ക്ഷേത്രദൎശനം ചെയ്യുന്നതുകൊണ്ടു് നമുക്കു എന്തെ ല്ലാം ഗുണങ്ങളുണ്ടാകുന്നു എന്നതിനെപററി സ്വാമികൾ

പറയുന്നതു നോക്കുക:—"അവിടെ ചെല്ലുമ്പോൾ നല്ല വിചാരം ഉണ്ടാകും, നല്ല കാൎയ്യങ്ങൾ സംസാരിക്കും. ഈശ്വരസ്മരണയുണ്ടാകും, ശുദ്ധവായു ശ്വസിക്കാം. ചിലർ ക്ഷേത്രങ്ങളിൽചെന്നുനിരാഹാരവ്രതവുംമററും നടത്തിദേഹത്തിന്നും മനസ്സിന്നും ഗുണം വരുത്തുന്നു. ചിലൎക്കു വിശ്വാസംമൂലം മോഹം മാറുന്നു. ചിലൎക്കു ആഗ്രഹസിദ്ധിയുണ്ടാകുന്നു. അതെല്ലാം വിശ്വാസംപോലെയിരിക്കും."

"ത്യാഗം എല്ലാ മനുഷ്യൎക്കും ആവശ്യമാണു്. ത്യാഗത്തോടുകൂടി കൎമ്മം ചെയ്യണം. പണം സമ്പാദിക്കാനും വിരോധമില്ല. എല്ലാം ചെയ്യാം, പക്ഷെ ത്യാഗബുദ്ധിയോടുകൂടി ചെയ്യണം. മനുഷ്യരെല്ലാം ത്യാഗികളാവണം. അപ്പോൾ കൎമ്മം ശരിയാവും; ധൈൎയ്യം ഉണ്ടാകും; മരിക്കുവാൻ കൂടി ഭയമുണ്ടാകുകയില്ല. ലോകത്തിന്നുവേണ്ടി യത്നിക്കേണമെങ്കിൽ നല്ല ത്യാഗം വേണം."

* * * * *

"ശൌചം വേണം. എല്ലാവരും അടിച്ചു നനച്ചു കുളിക്കണം. കായശുദ്ധിയുണ്ടായാൽ ആഹാരശുദ്ധിയും ഗൃഹശുദ്ധിയും എല്ലാ ശുദ്ധിയും അതിൽനിന്നുണ്ടാവും. അതു സാധിച്ചാൽ മനുഷ്യന്നു എല്ലാം സാധിക്കും."

* * * * *

"അല്ലാഹു എന്നാൽ എന്താണെന്നറിയാമോ? ഇല്ല എന്നുള്ള അൎത്ഥമാണു് ഇതിൽ അടങ്ങിയിരിക്കുന്നതു്.

ഇല്ലാത്തവനാണ് അവൻ എന്ന വെച്ചാൽ, ഈ ബാഹ്യ പ്രപഞ്ചത്തിൽനിന്നും അന്യമായ ഒരു വസ്തു, പ്രാപഞ്ചിക അളവുകളും വർണ്ണനകളും വെച്ചുനോക്കിയാൽ, ഇല്ലാത്തവൻ എന്നുള്ള അർത്ഥമാണ് ഈ ദൈവശബ്ദത്തിനുള്ളതു്. "അൽ" എന്നാൽ "തൽ" അല്ലെങ്കിൽ "ആ" എന്ന ശബ്ദത്തെ കൊടുക്കുന്നു. 'ല്ല' ഇല്ല എന്നുള്ളതിനെ കാണിക്കുന്നു. "ഹ്" അവൻ എന്നതിനെ കാണിക്കുന്നു. ഇപ്രകാരം "അല്ലാഹ്" 'എന്നാൽ ഏതു ഇല്ലാത്തതോ അതു അവൻതന്നെ' എന്നാണർത്ഥം."

* * * * *

"ചെത്തു ഒരു മഹാവ്യാധിയാണ്. ഒരവയവത്തിന്നു കുഷ്ഠരോഗമുണ്ടായാൽ ദേഹം മുഴുവൻ അതു ദുഷിപ്പിക്കുന്നതുപോലെ ചിലർ ചെത്തുന്നതുമൂലം സമുദായം മുഴുവൻ കെട്ടുപോകുന്നു. ചെത്തിന്നുള്ള കത്തി നാലാക്കിയാൽ ഓരോ കഷണം കൊണ്ട് മുടിവടിക്കുവാനുള്ള ഓരോ കത്തിയുണ്ടാകാം. അതുംകൊണ്ടു നടക്കുന്നതായിരിക്കും ചെത്തിനേക്കാൾ മാനം. നല്ല ആദായം ഉണ്ടാവും. ചെത്തു ഒരു മഹാപാതകമാണ്, മീൻ പിടുത്തത്തേക്കാൾ പാപമാണ്."

* * * *

"സ്വാർത്ഥംവെടിഞ്ഞു പൊതുജനങ്ങൾക്ക് വേണ്ടി പ്രവൃത്തി ചെയ്യുന്നവർ സന്ന്യാസിമാരാണ്. സന്ന്യാസി എന്നാൽ പരോപകാരി—ത്യാഗി.

വേഷത്തെ ആശ്രയിച്ച സന്യാസം ഇരിക്കുന്നില്ലെങ്കിലും ഒരു യഥാൎത്ഥസന്യാസിക്കു വേഷമിട്ടതുകൊണ്ട് യാതൊരു കുറവൊ കുററമൊ തോന്നാൻ വകയില്ല. വേഷമില്ലാതെ ഇരുന്നാൽ കാൎയ്യങ്ങൾ ഒരു നെറിയും കുറിയും ഇല്ലാതെ ആയിപ്പോകുന്നതിന്നും ഇടയുണ്ട്. ഒരു രാജാവിന്നു കിരീടം വേണമെന്നു കരുതപ്പെടുന്നതുപോലെ സന്യാസിക്ക് സന്യാസിവേഷം യോജിച്ചതായി കരുതാം. രാജാവല്ലാത്തവൻ കിരീടം ധരിച്ചാൽ ഒരിക്കലും അയാൾ ഒരു രാജാവാകയില്ല."

*　　*　　*　　*

അയലുതഴപ്പതിനായതി പ്രയത്നം
നയമറിയും നരനാചരിച്ചിടേണം."

*　　*　　*　　*

"അഖിലരുമാത്മസുഖത്തിനായ് പ്രയത്നം
സകലവുമിങ്ങസദാപി ചെയ്തിടുന്നു.
ജഗതിയിലിമ്മതമേകമെന്നു ചിന്തി-
ച്ചഘമണയാതകതാരമൎത്തിടേണം."

ഇങ്ങിനെ സാധാരണ ജനങ്ങളുടെ സൎവ്വതോമുഖമായ വളൎച്ചക്കാവശ്യമായ സാരോപദേശങ്ങൾ സ്വാമി തൃപ്പാദങ്ങൾ പലപ്പോഴായി നമുക്ക് നൽകിയിട്ടുണ്ട്. ചെറുപ്പകാലങ്ങളിൽതന്നെ ഉത്തമഗുണങ്ങൾനട്ടുവളൎത്തുവാൻ പരിശ്രമിക്കേണ്ടതു കുട്ടികളുടെ ഒഴിച്ചുകൂട്ടുവാൻ പാടി

 1927

ല്ലാത്ത കടമയാണു്. അതിനാൽ 'ഗുരുവരുൾ' ജീവിതത്തിൽ പകർത്തുവാൻ നാം നിരന്തരം പരിശ്രമിക്കേണ്ടിയിരിക്കുന്നു.

---

## അദ്ധ്യായം 16. സരസ സംഭാഷണങ്ങൾ

"പാരിലില്ല ഭയമെന്നു,മേറെയു-
ണ്ടാരിലും കരുണയെന്നു,മേതിനും
പോരുമെന്ന മരുളീ പ്രസന്നമായ്
ധീരമായ മുഖകാന്തി"—യോടുകൂടി വിളങ്ങിയ ശ്രീനാരായണ ഗുരുസ്വാമികൾ ഒരു രാജയോഗി എന്ന നിലയിലും സത്യാഗ്രഹിയായ വിപ്ലവകാരിയെന്ന നിലയിലും അറിയപ്പെട്ടിരുന്നതുപോലെ തന്നെ ഒരു ഉത്തമരസികനുംകൂടിയായിരുന്നു. ഫലിതം, അഥവാ നേരമ്പോക്കു് മനുഷ്യനു അത്യാവശ്യമാണു്. അന്യരെ കണക്കിലധികം ആക്ഷേപിക്കാതെ കുറിക്കു കൊള്ളുംവണ്ണം ശരിക്കുത്തരം പറയുന്ന വ്യക്തികൾക്കു മാത്രമെ യഥാർത്ഥ ഫലിതക്കാരനാകുവാൻ സാധിക്കുകയുള്ളു.

ശകാരമല്ല ഫലിതം. ശകാരിപ്പാൻ എളുപ്പത്തിൽ കഴിയും, അതിന്നു വലിയ പഠിപ്പൊന്നും വേണ്ടതില്ല. ഫലിതം ഹാസ്യരസാത്മകമാണു്. ചുരുങ്ങിയ വാക്കുകൾകൊണ്ടു് കാര്യം ഭംഗിയായും രസാവഹമായും പറയുന്നവൻ, അതെ, എല്ലാവരേയും രസിപ്പിക്കുന്ന ചാ

ട്ടവാക്കുകൾ ഉപയോഗിക്കുന്നവൻ ആണു് ഒന്നാംതരം നേരമ്പോക്കുകാരൻ. ശ്രീനാരായണഗുരുസ്വാമികളുടെ നേരമ്പോക്കുകളുടെ രസം ഒന്നു ആസ്വദിക്കേണ്ടതു തന്നെയാണു്.

ഒരിക്കൽ സ്വാമികൾ ചെങ്ങന്നൂരിൽ വിശ്രമിക്കുമ്പോൾ പല്ലുകളെല്ലാം കൊഴിഞ്ഞ തടിയനായ ഒരു വൃദ്ധൻ കോമരം (വെളിച്ചപ്പാടു്) തുള്ളിക്കൊണ്ടു സ്വാമികളുടെ മുമ്പിൽ എത്തി.

വൃദ്ധൻ:—ഞാൻ ആരാണെന്നറിയാമോ?

സ്വാമി:—കണ്ടിട്ടൊരു തടിമാടനാണെന്നു തോന്നുന്നു. (പുഞ്ചിരിക്കുന്നു)

വൃദ്ധൻ:—എന്തു്! നമ്മെ പരിഹസിക്കുന്നോ? പരീക്ഷ വല്ലതും കാണണോ?

സ്വാമി:—(ചിരിച്ചുകൊണ്ടു്) ആ വായിൽ പല്ലൊന്നു കണ്ടാൽ കൊള്ളാം.

അതു കേട്ടിരുന്നവരും വൃദ്ധനും പൊട്ടിച്ചിരിച്ചുപോയി.

ഒരു ദിവസം ഒരു മുസൽമാൻ ഭക്തൻ ഗുരുദേവനുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഏതാണ്ടു കാര്യമായും, ഏതാണ്ടു നേരമ്പോക്കായും, "സ്വാമീ, എനിക്കൊരു സംശയം ചോദിപ്പാനുണ്ടു്" എന്നു പറഞ്ഞു. "ചോദിക്കാമല്ലോ" എന്നു സ്വാമികൾ അനുവാദം നല്കി.

ഭക്തൻ:—ജനങ്ങൾക്കു മോക്ഷം കിട്ടുമെന്നല്ലേ ഗ്രന്ഥങ്ങൾ പറയുന്നതു്? എന്നാൽ എന്താണു് ജനസംഖ്യ ക

റയാതെ കാനേഷുമാരിക്കണക്കെടുക്കുമ്പോഴെല്ലാം വർദ്ധിച്ചുകാണുന്നതു്?

സ്വാമി:—മൃഗങ്ങൾക്കു കയററംകിട്ടി മനുഷ്യരാകുമായിരിക്കാം.

ഭക്തൻ:—പക്ഷെ മൃഗങ്ങളുടെ സംഖ്യക്കു യാതൊരു കുറവും കാണുന്നില്ലല്ലൊ?

സ്വാമി:—ജന്തുക്കളെ ആദ്യം സൃഷ്ടിച്ചതു് ആരാണു്?

ഭക്തൻ:—ഹല്ലാവാണു്.

സ്വാമി:—അദ്ദേഹത്തിൻെറ തൊഴിൽ ഇപ്പോൾ മറന്നുപോയോ?

*       *       *       *       *

ഒരിക്കൽ സ്വാമികൾ ഒരു ഭക്തൻെറ വീട്ടിൽ വിശ്രമിക്കുകയായിരുന്നു. എല്ലാവരും ഭക്ഷണത്തിന്നു ഇരുന്ന ഘട്ടത്തിൽ ഗൃഹസ്ഥനോടു്,

സ്വാമികൾ:-ഇപ്പോൾ മത്സ്യമാംസം കൂട്ടാറില്ലേ? ഇന്നു ഒന്നും ഇല്ലല്ലൊ.

ഭക്തൻ:—ഇപ്പോൾ അത്ര നിർബ്ബന്ധമില്ല. ഉണ്ടെങ്കിൽ കഴിക്കും, അത്രയേ ഉള്ളൂ.

സ്വാമികൾ:—ഇപ്പോൾ ഉണ്ടെങ്കിൽ കഴിക്കും. മുമ്പൊക്കെ ഇല്ലെങ്കിലും കഴിക്കും. വലിയ മാററം വന്നുപോയല്ലോ!

*       *       *       *       *

ഒരു ദിവസം സ്വാമികൾ ഒരു പിലാവിൻെറ ചുവട്ടിൽ വിശ്രമിക്കുകയായിരുന്നു. ചുററും നിന്നിരുന്ന ആളുകളിൽ പിലാവിൻെറ ഉടമസ്ഥനായ ഭക്തനെ നോക്കി,

സ്വാമികൾ:–എന്താ, ഇക്കൊല്ലം പിലാവിന്മേൽ ചക്ക ഇല്ലല്ലൊ, കായ്ക്കാറില്ലേ?

ഉടമസ്ഥൻ:- കഴിഞ്ഞകൊല്ലം വളരെ ഉണ്ടായി. ചെറിയ കൊമ്പുകളിൽക്കൂടി നിറച്ചുണ്ടായി. വളരെയെല്ലാം ധമ്മവും ചെയ്തു.

സ്വാമികൾ:–അപ്പോൾ ഇനി കായ്ക്കയില്ലായിരിക്കാം. ധമ്മം ചെയ്തു മോക്ഷം അടഞ്ഞുവല്ലൊ.

സ്വാമികൾ മദിരാശിയിൽ ഒരു മാന്യൻെറ ഗൃഹത്തിൽ വിശ്രമിക്കുമ്പോൾ, അവിടെ വളത്തപ്പെട്ടിരുന്ന ഗ്രൂസ് (Goose) എന്ന പക്ഷിയെ കണ്ടിട്ട്, "നല്ല അഴകുണ്ടല്ലൊ, എത്ര വൃത്തിയായിരിക്കുന്നു!"എന്നുപറഞ്ഞു. അപ്പോൾ ഗൃഹസ്ഥൻ അവയിൽ ഒന്നിനെ പിടിച്ച്, സ്വാമിയുടെ അടുക്കൽ കൊണ്ടുവന്നിട്ട്, "ഇതു ഭൂലോകത്തിലെ അരയന്നമാണ്" എന്നു പറഞ്ഞു. ഉടനെ സ്വാമികൾ ഇങ്ങിനെ മറുപടി പറയുകയും ചെയ്തു:-

"പകുതി വേറെ വല്ലതും ചേത്താൽ 'അര'യന്നം ആകും."

*   *   *   *   *

ഒരിക്കൽ ഒരാൾ സ്വാമികളോട് "നമ്മുടെ ശവം ദഹിപ്പിക്കുന്നതൊ കവറടക്കം ചെയ്യുന്നതൊ മണ്ണിൽ കു

ഴിച്ചുമൂടുന്നതോ ഏതായിരിക്കും നല്ലതെന്നറിവാൻ ആഗ്രഹമുണ്ടു്" എന്നു പറഞ്ഞു.

ഇതിന്നു സ്വാമികൾ:-ശവങ്ങൾ ചക്കിലിട്ടാട്ടി വളമായി
അതു കൃഷിക്കു ഉപയോഗിക്കുന്നതല്ലേ നല്ലതു്?

അയാൾ:-അയ്യോ! അതു സങ്കടമാണ്.

സ്വാമികൾ:-"എന്താ നോവുമോ?" എന്നു ചോദിച്ചു
ചിരിക്കുകയുണ്ടായി.

TAYAM PUBLIC LIBR

* * * * *

മഹാത്മാഗാന്ധി വക്കലെ ശിവഗിരിയിൽ ചെന്നപ്പോൾ ഒരു രസകരമായ സംഭവം നടന്നു. മഹാത്മജിയും ഗുരുദേവനുംകൂടി ശിവഗിരിക്കുന്നിൽ നില്ക്കുമ്പോൾ ആളുകൾ അസംഖ്യം ചെന്നിട്ടു ഗാന്ധിജിയുടെ മുമ്പിൽ വീണു നമസ്കരിക്കാൻ തുടങ്ങി. ഇതു കണ്ടപ്പോൾ ഗുരുദേവൻ, "ഇന്നെങ്കിലും നമുക്കു ഉപദ്രവം ഒഴിഞ്ഞുകിട്ടി" എന്നു പറഞ്ഞു. ഇതു തർജ്ജമചെയ്തു കേൾപ്പിച്ചപ്പോൾ മഹാത്മജി പൊട്ടിച്ചിരിച്ചുപോയി.

* * * * *

സ്വാമികൾ ഒരിക്കൽ തീവണ്ടിയിൽ സഞ്ചരിക്കുമ്പോൾ ആ മുറിയിൽതന്നെ ഉണ്ടായിരുന്ന ഒരു രാജാവും ഒരു നമ്പൂതിരിയും സ്വാമികളുടെ സംഭാഷണം കേട്ടു അദ്ഭുതത്തോടു വളരെ ബഹുമാനം ഉള്ളവരായിത്തീരുകയും ഒടുവിൽ രാജാവു് "നിങ്ങളുടെ പേരെന്താണു്?" എന്നു ചോദിക്കുകയും ചെയ്തു.

സ്വാമികൾ:–നാരായണൻ

രാജാവ്:–ജാതിയിൽ ആരാണു്?

സ്വാമികൾ:–കണ്ടാൽ അറിഞ്ഞുകൂടെ?

രാജാവ്:–അറിഞ്ഞുകൂടാ

സ്വാമികൾ:–കണ്ടാൽ അറിഞ്ഞുകൂടെങ്കിൽ പിന്നെ കേട്ടാൽ അറിയുന്നതെങ്ങിനെ?

* * * * *

മഹാകവി പള്ളത്തു രാമൻെറ "മിശ്രകാന്തി" എന്ന ഖണ്ഡകാവ്യം വായിച്ചുകേട്ടിട്ട് സ്വാമികൾ മി. രാമനോടു ഇങ്ങിനെ പറഞ്ഞു: "നായിക മുക്കുവത്തിയും നായകൻ ഈഴവനും; കൊള്ളാമല്ലോ! മീനും കള്ളും നല്ല വണ്ണം ഇണങ്ങും, അല്ലേ?"

* * * * *

കൊളമ്പിൽ ഒരു ഹിന്ദുക്ഷേത്രത്തിൽ പൂജചെയ്തുകൊണ്ടിരുന്ന പൂജാരിയോട്

സ്വാമികൾ:—ശൈവം തന്നല്ലേ? (എന്നുവെച്ചാൽ മത്സ്യമാംസം ഉപയോഗിക്കാത്ത ആൾ ആണല്ലോ എന്നു് അത്ഥം.)

പൂജാരി:–മിക്കവാറും ശൈവംതന്നെ.

സ്വാമി:-ചിലപ്പോൾ തിന്നും, അല്ലേ?

പൂജാരി:–അത്ര നിർബ്ബന്ധം ഇല്ല. കിട്ടിയാൽ തിന്നും മാത്രം.

സ്വാമി:-തിന്നാതിരിക്കുവാൻ നാക്കു സമ്മതിക്കുകയില്ല. അല്ലേ?

പൂജാരി:-(വീണ്ടും) കിട്ടിയാൽ തിന്നും.

സ്വാമി:-കല്ലു കിട്ടിയാൽ തിന്നുമോ? (ചിരിക്കുന്നു.)

*   *   *   *   *

ഒരു ഭക്തൻ:-ആട്ടിൻപാലും പശുവിൻപാലും നാം കുടിക്കുന്നല്ലോ സ്വാമി! പിന്നെന്താണ് അവയുടെ മാംസം തിന്നാൽ വല്ല തരക്കേടും ഉണ്ടോ?

സ്വാമി:-തരക്കേടില്ലല്ലോ. (അല്പം കഴിഞ്ഞു മന്ദഹാസത്തോടുകൂടി) അമ്മയുണ്ടോ?

ഭക്തൻ:-ഇല്ല സ്വാമീ, മരിച്ചുപോയി.

സ്വാമി:-കുഴിച്ചിട്ടോ, തിന്നോ?

*   *   *   *   *

സ്വാമികൾ:-നാം കയറുന്നെങ്കിൽ റിക്ഷാവണ്ടിയിലേ കയറാവൂ.

ഭക്തൻ:-കാളവണ്ടിയിലും കുതിരവണ്ടിയിലുമോ?

സ്വാമികൾ:-നാം റിക്ഷാവണ്ടിയിൽ കയറണമെന്നു അതു വലിക്കുന്നവനു ആശയുണ്ടല്ലോ. കാളക്കും കുതിരക്കും അതുണ്ടോ?

*   *   *   *   *

ഇപ്രകാരം ഉറവിലൂറിയ രസംപോലെ നറുംതേൻ വാണികളിൽ ലോകതത്വങ്ങൾ സ്വാമികൾ ഒതുക്കിവെക്കുക സാധാരണമായിരുന്നു. എത്ര ഗഹനമായ വിഷ

യമായാലും സ്വാമികൾ ഏററവും സരസമായ രീതിയിൽ പ്രതിപാദിക്കുക പതിവായിരുന്നു.

പല അവസരങ്ങളിലും നാം പൊടിക്കയ്യുകൾ ഉപയോഗിക്കാറുണ്ടല്ലോ. അവയെല്ലാം ഒരു ചെറിയ നോട്ടുപുസ്തകത്തിൽ കുറിച്ചുവെക്കുന്നതു നല്ല സമ്പ്രദായമായിരിക്കും. ഒരു കാലത്തു അതു വലിയ ഉപകാരമായിത്തീരും. അങ്ങിനെ നമുക്കും ഒരു നല്ല ഫലിതക്കാരനായിത്തീരുവാൻ കഴിയുന്നതാണ്.

---

## അദ്ധ്യായം 17. 

ശ്രീനാരായണ ഗുരുസ്വാമികൾ കറയററ നേരമ്പോക്കുകാരനായിരുന്നതുപോലെ തന്നെ ആലോചനാമൃതങ്ങളായ കവനതല്ലജങ്ങളെക്കൊണ്ടു കൈരളീദേവിയെ ചരിതാർത്ഥയാക്കിയ ഒരു കവിരാജനും കൂടിയായിരുന്നു. "കവിരാമായണം" എന്ന പുസ്തകത്തിൽ മൂലൂർ എസ്സ്. പത്മനാഭ പണിക്കർ, സ്വാമികൾക്കു വാല്മീകി സ്ഥാനമാണ് കല്പിച്ചു കാണുന്നതു്.

സംസ്കൃതം, തമിഴ്, മലയാളം മുതലായ ഭാഷകളിൽ എഴുതപ്പെട്ട ഉത്തമഗ്രന്ഥങ്ങളുടെ പാരായണത്താലും മാമലയിലിരുന്നുകൊണ്ടുള്ള മനനത്താലും പരിപക്വമായ ബുദ്ധിയിൽനിന്നും പരിശുദ്ധമായ ഹൃദയത്തിൽനിന്നും പൊട്ടിപ്പുറപ്പെട്ട കാവ്യതരംഗിണികളെ-ഭക്തിരസം കര

കവിഞ്ഞൊഴുകുന്ന അവിടുത്തെ സ്തോത്രരത്നങ്ങളെ-അധികരിച്ചു വിമർശിക്കുവാനൊ പരാമർശിക്കുവാനൊ ഈയുള്ളവന്നു സാദ്ധ്യമല്ല.

"ആടുപാമ്പെ പുനംതേടും പാമ്പെ" എന്നു തുടങ്ങുന്ന കുണ്ഡലിനിപ്പാട്ടും, "അന്തിപ്പൂന്തിങ്കളുന്തിത്തിരുമുടിചൂടിയാടും ഫണത്തിൽ ചന്തംചിന്തുന്ന" സുബ്രഹ്മണ്യസ്തോത്രവും, "നാടീടുമീ വിഷയമൊടീട്ടശം നടനമാടീടുവാനരുതിനി" ആദിയായ നവമഞ്ജരിയും മററും ഭക്തജനങ്ങൾക്ക് ഗാനാലാപം ചെയ്യുന്നതിന്നു ഏററവും ഉപയുക്തങ്ങളായവയാണെന്നു പറയേണ്ടതില്ലല്ലൊ. സുന്ദരസുലഭിതമായ പദഘടനയും, ഗഹനങ്ങളായ അർത്ഥവും രമണീയമായ രീതിയിൽ ഇണക്കിയിരിക്കുന്ന ഒരു വിജ്ഞാനമഞ്ജരിതന്നെയാണ് അവിടുത്തെ കവനതല്ലജങ്ങൾ.

അവിടുത്തെ കൃതികളിൽ എന്തുകൊണ്ടും അദ്വിതീയസ്ഥാനമലങ്കരിക്കുന്ന ഒന്നാണ് "ആത്മോപദേശശതകം." അതു ഒരു ഉത്തമഗ്രന്ഥമാണ്. അതിലെ ഓരോ പദ്യവും ചിന്താരത്നമാണ്. അതു ലോകമാതാവിൻെറ തിരുമാറിലണിഞ്ഞ, ആത്മചൈതന്യം തിളങ്ങിക്കൊണ്ടിരിക്കുന്ന, നക്ഷത്രമാലിക തന്നെയാണ്. ഭാഷാസാഹിത്യത്തിലെ എന്നല്ലവിശ്വസാഹിത്യത്തിലെ തന്നെ ഒരു ഗീതാഞ്ജലിയാണ് ആ ആത്മോപദേശശതകം വിശ്വമഹാകവി ടാഗോറിൻെറ ഗീതാഞ്ജലിയും,ശ്രീ

നാരായണ പരമഹംസരുടെ ആത്മോപദേശശതകവും ഒ ന്നുതന്നെയാണ്. രണ്ടും വിശ്വഹൃദയത്തിൽനിന്നു സംജാ തമായി വിശ്വഗഗനത്തിൽതന്നെ ലയിക്കുന്നു. സുന്ദര ങ്ങളും ആലോചനാമൃതങ്ങളുമായ കവനതല്ലജങ്ങൾ രണ്ടു കൃതികളിലും തിളങ്ങിക്കൊണ്ടിരിക്കുന്നു.

ഏററവും ലളിതമായ ഭാഷയിലാണ ഈ കൊച്ചു കൃതി എഴുതിയിട്ടുള്ളതെങ്കിലും എത്രയും ഗഹനമായ ഒരു വിഷയത്തെക്കുറിച്ചു പ്രതിപാദിക്കുന്നതുകൊണ്ടു്, മന സ്സിലാക്കുവാൻ വളരെ വിഷമമുണ്ടു്. എന്നാൽ കുട്ടിക ളായ നമുക്ക് ജീവിതത്തിൽ അനുഷ്ഠിക്കുവാൻ സാധിക്കു ന്നതായപലസംഗതികളും അതിൽ പ്രതിപാദിച്ചിട്ടുണ്ടു്.

"അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരൻെറ ഗുണത്തിനായ്‌വരേണം"

എന്നീ വരികളിലടങ്ങിയതുമായ രത്നങ്ങൾ നാം ജീവിതത്തിൽ പകർത്തേണ്ടവയാണല്ലോ. ശബ്ദമാധുര്യ വും ഭക്തിരസവും, അർത്ഥഗാംഭീര്യവും ഒരുപോലെ തിള ങ്ങിക്കൊണ്ടിരിക്കുന്ന സദ്ഗുരുവിൻെറ കൃതികൾ നാം വായിച്ചു പഠിക്കുക. എന്നാൽ നമ്മുടെ ശ്രമം ഒരിക്കലും പാഴാകുന്നതല്ല.

"കുളിർമതികൊണ്ടു് കുളിത്തു ലോകമെല്ലാ-
മൊളിതിരളുന്നൊരു വെണ്ണിലാവുപൊങ്ങി
തെളുതെളെ വീശിവിളങ്ങി ദേവലോക-
ക്കുളമതിലാമ്പൽ വിരിഞ്ഞു കാണണം മേ"

എന്നു സദ്ഗുരുവോടൊപ്പം നാം പ്രാത്ഥിക്കുക! ശ്രീ ഗുരുവേ! നമഃ!!

---

## അദ്ധ്യായം 18. മഹാസമാധി

അധമ്മവും അനീതിയുമായ കാർമേഘപടലങ്ങളാലാവൃതമായ അന്തരീക്ഷത്തെ അഭിമുഖീകരിച്ചുകൊണ്ടു, ഒരൊററ അസുഖകരമൊ മാത്സ്യമില്ലാത്തതൊ ആയ വാക്കുപോലും ഉപയോഗിക്കാതെ, അവണ്ണരെന്ന അപരനാമധേയത്താൽ അറിയപ്പെടുന്ന അവശസമുദായത്തിൽ താൻ വരുത്തിയ മാററങ്ങൾ സമാധാനസന്ദേശവാഹിയായസ്വാമികളുടെ അത്ഭുതകൃത്യങ്ങൾതന്നെയാണ്. ആബാലവൃദ്ധം ജനങ്ങളെ, നിരാശയുടെയും നിസ്സഹായതയുടെയും അടിത്തട്ടിലിട്ടു നട്ടംതിരിക്കുന്ന ഭയങ്കരവിപ്ലവമൊ കണ്ണശല്യങ്ങളായ ആപ്പുവിളികളൊ കൂടാതെ, എങ്ങിനെ പരിവത്തനം വരുത്താമെന്നു സ്വാമികൾ മാനവസമുദായത്തിന്നു കാണിച്ചുകൊടുത്തിരിക്കുന്നു. അചഞ്ചലമായ ഈശ്വരവിശ്വാസവും, അനുപമമായ സ്വഭാവവൈശിഷ്ട്യവും ഏതൊരാളിൽ പ്രകാശിച്ചു കാണുന്നുവോ, ആ മഹാത്മാവു് മാനവസമുദായോന്നമനത്തിന്നായി ജുഗുപ്സാവഹമായ നശീകരണോപകരണങ്ങളൊന്നും തന്നെ സ്വീകരിക്കേണ്ടതില്ല.

സ്വാമിതൃപ്പാദങ്ങളാൽ സമാരംഭിക്കപ്പെട്ട പ്രവൃത്തി

കറം തുടൻപോകേണ്ടതിന്നുവേണ്ടിയും അദ്ധ്യാത്മതത്വ വിശാരദന്മാരായി, സത്യാന്വേഷികളായി, ലോകസേവനോത്സുകരായ സന്ന്യാസിമാരെ സൃഷ്ടിക്കുന്നതിന്നു മാത്രമായും ശ്രീനാരായണ പരമഹംസർ 1103 ധനു 27-ാംനു- ഒരു ധർമ്മസംഘം റജിസ്ത്രർ ചെയ്തു, തൻെറ എല്ലാവക സ്ഥാവരജംഗമസ്വത്തുക്കളുടെയും അനന്തരാവകാശികളായി സന്ന്യാസിമാരെ നിശ്ചയിക്കുകയുണ്ടായി. അങ്ങിനെ ശ്രീനാരായണധർമ്മപരിപാലനസംഘവും ദേഹവും ദേഹിയുമെന്നപോലെ ഉടലെടുത്തു. ഈ രണ്ടു സ്ഥാപനങ്ങറക്കും പല നല്ല കാര്യങ്ങളും ചെയ്യുവാൻ സാധിക്കുന്നതാണ്.

ശ്രീനാരായണ ഗുരുദേവരുടെ ജീവിതോദ്ദേശം സഫലീകൃതമായി ഈശ്വരനെ കണ്ടെത്തി, പാവങ്ങളുടെ അഭ്യുന്നതിക്കായി അനവരതംപ്രയത്നിച്ചു്, കേരളീയരുടെ നവോത്ഥാനത്തിന്നു കാരണഭൂതനായി, സമാധാനസന്ദേശവാഹിയായി, പരിലസിച്ച സ്വാമി തൃപ്പാദങ്ങറ 1104 കന്നി 5-ാംതീയ്യതി വ്യാഴാഴ്ച വൈകുന്നേരം മൂന്നുമണിക്ക് മഹാസമാധി അടയുകയും ഭക്തജനങ്ങറ നിസ്സഹായരായി കണ്ണുനീർ വാക്കുകയുംചെയ്തു.

സ്വാമിതൃപ്പാദങ്ങളുടെ മഹാസമാധിയെ അധികരിച്ച 'സനാതന ധർമ്മ'പത്രത്തിൽ എഴുതിയതിൻെറസംക്ഷിപ്തം താഴെ ചേർക്കുന്നു-

"കേരളം ഒരു ഋഷിവര്യൻെറ നിര്യാണത്തിൽ ഇതാ ഇരുളടഞ്ഞിരിക്കുന്നു. ശാന്തപ്രസന്നമായ ആ മുഖ

സ്പെഷമ സപ്തമ്പർ 20-ാംനു-യിലെ അസ്തമനഭാനുവിൽ ലയിച്ചു.

"കേരളപുത്രന്മാരായ ശങ്കരാചാര്യർക്കും തുഞ്ചത്താചാര്യർക്കും കിട്ടിയിട്ടുള്ളതുപോലെ ഒരു ദിവ്യപീഠമാണ് കേരളീയരുടെ ഹൃദയത്തിൽ ശ്രീനാരായണ ഗുരുവിനു കിട്ടിയിട്ടുള്ളതു്. ശങ്കരാചാര്യരെ സമകാലീനരായ കേരളീയർ ഉപദ്രവിച്ചു. തുഞ്ചൻ 'കൂട്ടക്കാരിവരൊത്തു തൊട്ടു തിലകപ്പൊട്ടായി' തിളങ്ങിയതു വളരെ കാലം കഴിഞ്ഞിട്ടാണ്. ഉജ്ജ്വലവും ദീർഘവും വിപുലവും സാർവ്വജനീനവും അത്യുന്നതവും ആയ ഒരു ബഹുമാനം സ്വാമിക്കു സിദ്ധിച്ചതു പോലെ ഇന്ത്യയിൽ അടുത്ത നൂററാണ്ടുകളിലൊന്നും ആർക്കും സിദ്ധിച്ചിട്ടില്ല.

"പ്രബുദ്ധകേരളത്തിന്, യോഗത്തിൽ പതഞ്ജലിയും, ജ്ഞാനത്തിൽ ശങ്കരനും, ഭരണനൈപുണിയിൽ മനുവും, പ്രേമത്തിൽ ബുദ്ധനും, സ്ഥൈര്യത്തിൽ നബിയും വിനയത്തിൽ യേശുവും ആയ നാരായണഋഷി നരവേഷം ധരിച്ചു 72വഷത്തെ ലീലകൾക്കുശേഷം, യഥാസ്ഥാനം പ്രാപിച്ചു. യഥാത്ഥ അദ്ധ്യാത്മവിത്തുകൾക്കു മാത്രം സിദ്ധിക്കുന്ന ക്രമപ്രവൃദ്ധമായ കീത്തിയും സജ്ജനഭക്തിയും പൂണ്ണമായി നില്ക്കേതന്നെ, ആ പൂണ്ണജീവൻ മൃത്യുപരിധിയിൽ നിന്നു അമൃതപദവിയിലേക്ക് വീണ്ടും പ്രവേശിച്ചു. അനേകലക്ഷം ഭക്തജനങ്ങളുടെ ഹൃദയപീഠങ്ങളിൽ കുടികൊള്ളുന്ന നാരായണവിഗ്രഹങ്ങളും ശാശ്വതാവസ്ഥയുടെ ഒരു സാക്ഷിയായി സ്ഥിതിചെയ്യു

ന്ന ആ ശിവഗിരിയും മൌനമായി വന്ദിച്ചു നില്ക്കേത്തന്നെ ആ പ്രഭാപൂരം ആകാശത്തിൽ ഉൽഗളിച്ചു. അദ്ദേഹത്തിൻെറ മുഖകാന്തിയും വാങ്മാധുരിയും സ്പന്ദിച്ചിട്ടുള്ള ശുദ്ധഹൃദയങ്ങൾക്ക് ഇനി അഗാധജ്ഞാനത്തിൻെറയും വിശാലപ്രേമത്തിൻെറയും വിപുലഗുണകർമ്മങ്ങളുടെയും ചരിത്രംതന്നെനിരന്തരമായഉജ്ജീവനശക്തിയായിത്തീരട്ടെ. ഇനി ജനിക്കുന്നവൎക്ക ഇന്ത്യാരാജ്യത്തിലെ ഇതിവൃത്തങ്ങളിലെ അവതാരമൂർത്തികളുടെയും സിദ്ധപുരുഷന്മാരുടെയും കൂട്ടത്തിൽ അദ്ദേഹം ഒരു ഉപാസനാദേവനായിത്തീരും.

"അദ്ദേഹത്തിൻെറ ശരീരം ശിവഗിരിയിലെ പഞ്ചഭൂതങ്ങൾ എനിക്കെനിക്കെന്നു പങ്കിട്ടെടുത്തു. എന്നാൽ അതിൽനിന്നു വിട്ടുപോയ ആ മഹാശക്തി, അദ്ദേഹം ഉപദേശിച്ച ഏകദൈവം, ഏകമതം, ഏകജാതി ലോകത്തിൽ സുസ്ഥാപിതമാകുന്നതുവരെ, നമ്മെ ശാസിച്ചുകൊണ്ടും അനുഗ്രഹിച്ചുകൊണ്ടും നില്ക്കും."

മഹാത്മാക്കളുടെ ജീവിതചരിത്രപഠനം നമുക്ക് ഉന്മേഷവും ഉത്സാഹവും തരുന്നു; അവരുടെ ആരാധന നമ്മുടെ ജീവിതത്തെ ശുദ്ധീകരിക്കുന്നു; നാമസ്മരണമാത്രതന്നെ ആനന്ദസായൂജ്യത്തിലേക്കു നമ്മെ ഉയർത്തികൊണ്ടുപോകുന്നു. സമാധാനവും സംതൃപ്തിയും എവിടെ കാണുന്നുവോ, അവിടെ സത്യത്തിൻെറ പ്രകാശവും കാണാ

ഭാവുന്നതാണ്. ഭൌതികമായ നേട്ടങ്ങൾ മാത്രം മനസ്സമാധാനം നൽകുന്നതല്ല. ആത്മസന്തുഷ്ടി ആനന്ദദായകമാണ്. ശ്രീ നാരായണഗുരുസ്വാമികളുടെ പാവനസ്മരണകൾ നമുക്ക് സമാധാനവും ആത്മസംതൃപ്തിയും നൽകുമാറാകട്ടെ!

"പെരുത്തുനൂററാണ്ടിനിടയ്ക്കൊരിക്കലീ
മരുപ്പറമ്പാമുലകത്തിലീശ്വരൻ
ഒരൊററ വൃക്ഷത്തെ നട്ടുന്നു, പാന്ഥരായ്
വരുന്നവർക്കുത്തമ വിശ്രമത്തിനായ്."